KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com


e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. MAY 2023. ₹ 5.00

VOL.6 - ISSUE NO. 12 - DATE OF PUBLICATION 25TH MAY, 2023 - REGN. NO. KERBIL/2005/23143


# കേരള വ്യവസായനയം 2023 അംഗീകരിച്ചു







ചോദിക്കൂ..... വിദഗ്ധർ ഉത്തരം നല്കും. 3

സ്വകാര്യ വ്യവസായ എസ്റ്റേറ്റിൽ തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങളുടെ അനുമതിയിൽ ഇളവ്. 5

എം.എസ്.എം.ഇ. കളുടെ വളർച്ചയ്ക്ക് ബാങ്കുകളുടെ ശ്രദ്ധ കൂടുതൽ പതിയണം. 7

നിങ്ങളുടെ ചോദ്യങ്ങൾക്ക് വിദഗ്ധർ ഉത്തരം നൽകുന്നു. 8

GOVERNMENT OF KERALA

# അറിഞ്ഞില്ലേ





## ഒരു കോടി മുതൽ അഞ്ചു കോടി വരെ

**മുഖ്യമന്ത്രിയുടെ പ്രത്യേക വായ്പാ പദ്ധതി**

പലിശ നിരക്ക്
**5%**

തിരിച്ചടവ് കാലാവധി
**5 വർഷം**

പദ്ധതി ചെലവിന്റെ
**80% വായ്പ**

**18-60**
നുമിടയിൽ പ്രായമുള്ള
ആർക്കും അപേക്ഷിക്കാം

മൊറട്ടോറിയം കാലാവധി
ഒരു വർഷം

**MSME**
ഉദ്പാദന,സേവന
സംരംഭങ്ങൾക്ക് മാത്രം

കൂടുതൽ വിവരങ്ങൾക്ക്


KERALA STATE INDUSTRIAL DEVELOPMENT CORPORATION LTD.

Head Office: Keston Road, Kowdiar, Thiruvananthapuram-695003
Regional Office: 2nd Floor, Choice Towers, Manorama Jn, Kochi-682016
Satellite Office: First Floor, BSNL Office Annex. Building, Balan K Nair Road, Ashokapuram,Kozhikode – 673 001

KSIDC

Ph: No: 0471-2318922 & 0484-2323010 | enquiry@ksidcmail.org | www.ksidc.org

Follow us on

THE KERALA STATE SMALL INDUSTRIES ASSOCIATION
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. Ph : 94963 60300
kssiastate@gmail.com, www.kssia.com

STATE OFFICE BEARERS
FOR THE YEAR 2022-2024

STATE PRESIDENT
A. Nizarudeen
Naz Wood Industries, T.K.M.C.P.O.,
Karicode, Kollam - 05. Mob: 94477 10078
Email: nazwoodind@gmail.com

GENERAL SECRETARY
P.J. Jose
Pallipadan Enterprises, Marottichuvadu, Edapally,
Cochin - 682 024. Mobile: 98460 53553
Email: info@manoramasalescorporation.com

STATE VICE PRESIDENTS

SOUTH ZONE
A. Fasiludeen
Travancore New Tech Interlock Bricks,
Pulimath, Karette, Trivandrum - 695 612.
Mob: 94007 04000, Email: fthoppil@yahoo.com

CENTRAL ZONE
Abraham Kuriakose
Perfect Crumbs,
Amayannoor P.O., Kottayam - 686 019.
Mob: 94470 43445, Email: perfectcorp@yahoo.com

NORTH ZONE
A.V. Sunilnath
Ferrero Vinyil Technologies (Pvt) Ltd, 7/342,
Kolathra P.O., Kozhikode - 673 655.
Mob: 93497 44145,
Email: sunilnath@walkaroogroup.com

STATE TREASURER
Joseph Paikada
Indo-Malabar Foods (P) Ltd, N.H. Road, Kanhirangad,
Taliparamba, Kannur - 670 142.
Mob: 94972 24422, Email: josephpaikada@gmail.com

STATE JOINT SECRETARIES
V.K. Harilal (South Zone)
Venice Coir Company, I D Plot, Vadackal P.O.,
Alappuzha - 688 003. Mob: 98472 30058
B. Jayakrishnan (Central Zone)
Toyo Rubbers, Kumaramangalam P.O., Thodupuzha.
Mob: 94473 30569
George Mundakkal (North Zone)
Paulson Fertilizers, Kalluvayal, Sulthan Bathery P.O.,
Wayanad. Mob: 94472 95110

EDITORIAL BOARD
Chief Editor
S. Salim
Mobile: 93873 05751
Email: md@unicornplywoods.com

MEMBERS

| | |
|---|---|
| A. Nizarudeen | Mob: 94477 10078 |
| P. J. Jose | Mob: 98460 53553 |
| Rajesh. G | Mob: 98957 03837 |
| Thomas Mathew | Mob: 94470 46411 |

PRINTER & PUBLISHER
K.P. Ramachandran Nair
Mobile: 94470 17899
--------------------------------------------------------
PRINTING, COVER DESIGN & LAYOUT
Rajsree Industrial Printer, Edayar.

KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION MAY 2023 ₹ 5.00

## എഡിറ്റോറിയൽ

# ചോദിക്കൂ..... വിദഗ്ധർ ഉത്തരം നല്കും.



വ്യവസായ വളർച്ചയാണ് ഒരു നാടിന്റെ സാമ്പത്തിക വികസനത്തിന്റെ മുഖ്യധാര. എല്ലാ വ്യവസായങ്ങളുടെയും വിവിധ വശങ്ങൾ പരിശോധിച്ച്, കുറവുകളും മേന്മകളും കണ്ടെത്തി വികസനത്തിലെത്തിക്കാൻ ഉത്സാഹിക്കുന്ന ഒരു സർക്കാരാണ് ഇന്ന് നിലവിലുള്ളത്.

ഈ വികസനോന്മുഖതയെ ഉൾക്കൊള്ളാൻ, അതു നടപ്പിലാക്കാൻ ബാധ്യതയുള്ള ഉദ്യോഗസ്ഥരിൽ ചിലരെങ്കിലും വൈമനസ്യം കാട്ടുന്നുണ്ട്. സഹായകമായ നിയമങ്ങൾ അറിയാത്ത പല വ്യവസായികളുമുണ്ട്.

നിലവിലുള്ള പ്രവർത്തന രീതിയിൽ നിന്നും മാറി ചിന്തിക്കാൻ പൊതുവേ ആളുകൾ വിമുഖരാണ്. അതുകൊണ്ടു തന്നെ അധികാരികളുടെ നടപടികൾ ഏറെ വൈകുന്നുണ്ട്. അവരെ ബോധ്യപ്പെടുത്തി തൃപ്തരാക്കാൻ പാടുപെടുന്ന വ്യവസായികളും കുറവല്ല. അതുകൊണ്ടുതന്നെ ഉദ്യോഗസ്ഥരും വ്യവസായികളും അവശ്യം അറിയേണ്ടുന്ന കാര്യങ്ങൾ അറിയാനും അറിയിക്കാനും സഹായമായി ചോദ്യോത്തര പംക്തി ഒന്നുകൂടി വിപുലപ്പെടുത്തുകയാണ്.

സർക്കാരും നമ്മുടെ സംഘടനയുമായി സഹകരണമുള്ള നല്ല ബന്ധമാണ് ഇന്നുള്ളത്. നമ്മുടെ മാസിക, ലക്ഷ്യങ്ങളും, ആവശ്യങ്ങളും, അവകാശങ്ങളും സർക്കാരിലും വ്യവസായികളിലും എത്തിക്കുന്ന ജിഹ്വയാണ്. ഈ വ്യവസായികളുടെ സംശയങ്ങളും പരാതികളും അന്വേഷണങ്ങളും നമ്മുടെ മാസികയിൽ ആവശ്യപ്പെട്ടാൽ, അതിനുള്ള വ്യക്തമായ മറുപടി തരാൻ തയ്യാറാണെന്ന് ബഹു. വ്യവസായ ഡയറക്ടർ സമ്മിതിച്ചിട്ടുണ്ട്.

മാത്രമല്ല, വ്യവസായ സംബന്ധിയായ ഏത് വിഷയത്തിലും ആധികാരികമായ വ്യക്തത നൽകാൻ തയ്യാറായ, അതാതിന്റെ വിദഗ്ധരെയും ഞങ്ങൾ ഒപ്പം കൂട്ടിയിട്ടുണ്ട്. നിങ്ങൾ ഉന്നയിക്കുന്ന ചോദ്യങ്ങളുടേയും സംശയങ്ങളുടെയും, ഉത്തരങ്ങളും വ്യക്തതയും നമ്മുടെ മാസികയിൽ ഉണ്ടാവും. ഉന്നയിക്കുന്ന ആളിന് മാത്രമല്ല വായനക്കാർക്കും, ഈ മേഖലയുമായി ബന്ധപ്പെട്ട വ്യവസായികൾക്കും, സംരംഭകർക്കും വിതരണക്കാർക്കും ഇത് സഹായകമായിരിക്കും.

ആ അറിവുകൾ, വ്യവസായത്തിനു ഗുണകരമായി ഭവിക്കും എന്നതിൽ സംശയമില്ല.

നിങ്ങൾ ഞങ്ങളോട് ചോദിക്കൂ, വിദഗ്ധർ ഉത്തരം നൽകും.

**എസ്. സലിം**

ചീഫ് എഡിറ്റർ



We are capable of designing and making all kinds of PVC Profiles and Beadings Extrusion Dies.
We also take production according to the client's requirement.

● EXTRUSION SOLUTIONS ● RIGID PVC AND SOFT PVC ● PROFILES AND BEADINGS

**M&T POLYMERS**

W-IV/286, Alattuchira P.O., Chettinada, Perumbavoor, Ernakulam, Kerala - 683 544
Phone: 9387523439, 9400455998, 9388491046. Email: toolroomtm@gmail.com, trsatlantic@gmail.com



**KSSIA NEWS**

# KSSIA NEWS

(Vyavasayam)
Monthly Magazine
Advtertisement Tariff

| | | |
|---|---|---|
| Front Page Bottom (Colour) | - | 12,000 + G S T |
| Full Back page (Colour) | - | 15,000 + G S T |
| Full Back page inside (Colour) | - | 10,000 + G S T |
| Full Front Page inside (Colour) | - | 10,000 + G S T |
| Full page inside (Colour) | - | 9,000 + G S T |
| Half page inside (Colour) | - | 5,000 + G S T |
| Quarter page inside (Colour) | - | 3,000 + G S T |

Journal Size Demy 1/4
Number of pages – 24
**Discount**
For 12 months insertion 15%
For 6 months insertion 10%


# നമ്മുടെ വ്യവസായം



കെ.എസ്.എസ്.ഐ.എ. അംഗങ്ങളായ വ്യവസായികളെയും അവരുടെ വ്യവസായത്തേയും പരിചയപ്പെടുത്തുന്ന തുടർ പംക്തി ആരംഭിച്ചു. താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

എസ്. സലിം
ചീഫ് എഡിറ്റർ

## പ്രസിഡൻഷ്യൽ റിപ്പോർട്ട്





# സ്വകാര്യ വ്യവസായ എസ്റ്റേറ്റിൽ കെട്ടിട നിർമ്മാണത്തിനും ഡെവലപ്പർ പെർമിറ്റിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമില്ല.

സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ കെട്ടിട നിർമ്മാണത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അനുമതി വേണമെന്ന പത്ര വാർത്ത അടിസ്ഥാന രഹിതമാണ്. തെറ്റിദ്ധരിക്കപ്പെട്ട വിവരവകാശ രേഖയുടെ അടിസ്ഥാനത്തിലാണ് ഈ വാർത്ത എന്ന് മനസ്സിലാക്കുന്നു. സ്വകാര്യ വ്യവസായ എസ്റ്റേറ്റിന് പെർമിറ്റ് നല്കുന്നത് തദ്ദേശ സ്വയം ഭരണ പ്രതിനിധി ഉൾപ്പെടെയുള്ള കമ്മിറ്റിയാണ്. ഏതെങ്കിലും പരാതിയുണ്ടെങ്കിൽ അത് പരിഹരിച്ചതിനു ശേഷമാണ് പെർമിറ്റ് നല്കുന്നത്. വ്യവസായ വകുപ്പ് മറ്റു സർക്കാർ ഏജൻസികളുടെ കീഴിലുള്ള എല്ലാ എസ്റ്റേറ്റുകളിലേയും സംരംഭകർക്ക് കെട്ടിടം പണിയുന്നതിനും, ഡെവലപ്പർ പെർമിറ്റിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അനുമതി വേണ്ട എന്ന വ്യവസ്ഥ നിലവിലുണ്ട്. സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആക്റ്റിന്റെ പരിധിയിൽ ഉൾപ്പെടുത്തി എല്ലാ വ്യവസായ എസ്റ്റേറ്റുകളെയും ഇൻഡസ്ട്രീയൽ ഏരിയായി പ്രഖ്യാപിച്ചിട്ടുണ്ട്. 15 ഏക്കറിൽ കൂടുതലുള്ള എസ്റ്റേറ്റുകൾക്ക് ഭൂപരിഷ്ക്കരണ നിയമത്തിൽ നിന്നും പരിരക്ഷ നല്കുമെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഓരോ സ്വകാര്യ വ്യവസായ എസ്റ്റേറ്റിനും അടിസ്ഥാന സൗകര്യ വികസനത്തിന് 3 കോടി രൂപ വരെ സർക്കാർ ഗ്രാന്റായി നല്കുമെന്നും ആദ്യ ഗഡുവായി 20 ശതമാനം മുൻകൂറായി നല്കമെന്നും മന്ത്രിസഭയും തീരുമാനിച്ചിട്ടുണ്ട്. തെറ്റിദ്ധരിക്കപ്പെട്ട പ്രചരണത്തിൽ സംരംഭകർ കുടുങ്ങരുതെന്നും സംസ്ഥാന പ്രസിഡന്റ് പറഞ്ഞു.

2022-23 സംരംഭക വർഷമായി ആചരിച്ച് പുതു സംരംഭകരെ ആകർഷിച്ച് ഒന്നര ലക്ഷത്തോളം പുതിയ വ്യവസായങ്ങളുമായി കേരള സർക്കാർ മുന്നേറി വ്യവസായ സൗഹൃദ അന്തരീക്ഷമായി കേരളത്തെ മാറ്റിയെടുക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ചില പത്രവാർത്തകൾ വഴി കേരളത്തിന്റെ ഈ വ്യവസായ സൗഹൃദ അന്തരീക്ഷം തകർക്കാനുള്ള പരിശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ അനുമതി വേണമെന്ന തെറ്റായ പ്രചരണം പല ഭാഗങ്ങളിൽ നിന്നായി പരക്കുന്നുണ്ട്. എന്നാൽ ഇതിന് യാതൊരു കഴമ്പുമില്ല. വ്യവസായ ഡയറക്ടർ തന്നെ പല വ്യവസായ കുറിപ്പുകളിലും മറ്റും വ്യക്തമാക്കിയിട്ടുണ്ട് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ കെട്ടിട നിർമ്മാണത്തിനും ഡെവലപ്പർ പെർമിറ്റിനും അനുമതി വേണ്ടയെന്ന്. സ്വകാര്യ വ്യവസായ പാർക്കുകൾക്ക് പെർമിഷൻ നല്കുന്ന കമ്മിറ്റികളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാരുണ്ട്. ഇതിനു പുറമെ നിലവിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ യാതൊരുവിധ അനുമതിയും ആവശ്യമില്ല. ഇത്തരത്തിലുള്ള തെറ്റായ പ്രചരണങ്ങൾ നടത്തുന്നതിലൂടെ കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം നശിപ്പിക്കുകയും കേരളത്തിൽ തുടങ്ങാൻ ഇരിക്കുന്ന പല വ്യവസായങ്ങളും അന്യ സംസ്ഥാനങ്ങൾ തേടി പോകുന്ന അവസ്ഥയുമാണ് ഉണ്ടാകുന്നത്. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റായി ഡിക്ലയർ ചെയ്തു കഴിഞ്ഞാൽ ഇത് ഇൻഡസ്ട്രിയൽ ഏരീയ ആയി മാറുകയും സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ ആക്റ്റിൽ വരികയും ചെയ്യുന്നു. അതായത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഡെവലപ്പ്മെന്റ് ഏരീയ/ഡെവലപ്പ്മെന്റ് പ്ലോട്ട് പോലെയാണ് ഇതും. ആയതിനാൽ ഇത്തരം തെറ്റായ പ്രചരണങ്ങൾ നടത്തുന്നത് നിരുത്സാഹപ്പെടുത്തി, കേരളത്തിലെ ഇപ്പോഴുള്ള വ്യവസായ സൗഹൃദ അന്തരീക്ഷം കുറച്ചു കൂടി മെച്ചപ്പെട്ട രീതിയിലേക്ക് എത്തിക്കാൻ പരിശ്രമിക്കേണ്ടതാണ്.

വിവരവകാശ നിയമ പ്രകാരം വ്യവസായ വകുപ്പിൽ നിന്ന് ഇറക്കിയ കുറിപ്പിന് ഒരു വിശദീകരണം എത്രയും പെട്ടെന്ന് ഇറക്കി വ്യവസായികളുടെ സംശയ ദൂരികരണം നടത്തേണ്ടതാണ്. കൂടാതെ വ്യവസായ വകുപ്പിലെ ലാന്റ് അലോട്ട്മെന്റ് ആന്റ് എക്സിറ്റ് പോളിസിയുടെ ഉത്തരവ്, സ്വകാര്യ വ്യവസായ പാർക്കിന്റെ അടിസ്ഥാന വികസനത്തെ സംബന്ധിച്ചും 3 കോടി രൂപ വരെ സർക്കാർ ഗ്രാന്റായി നല്കുമെന്നും ആദ്യ ഗഡുവായി 20 ശതമാനം മുൻകൂറായി നല്കമെന്നുള്ള ക്യാബിനറ്റ് പാസ്സാക്കിയ ഉത്തരവ് കൂടി എത്രയും പെട്ടെന്ന് ഓർഡറായി ഇറക്കണമെന്നും അദ്ദേഹം വ്യവസായ വകുപ്പിനോട് ആവശ്യപ്പെട്ടു.



# എല്ലാം ശരിയാകും

## സർട്ടിഫിക്കേഷൻ ശരിയാണെങ്കിൽ


ഭക്ഷ്യ ഉൽപാദക സ്ഥാപനങ്ങൾ, ഭക്ഷ്യ സംസ്കരണ കമ്പനികൾ, ഹോട്ടൽ, കാറ്ററിംഗ് സ്ഥാപനങ്ങൾ, എക്സ്പോർട്ടിംഗ് എന്നിങ്ങനെ ചെറുകിട, ഇടത്തരം ബിസിനസുകൾ ഉൾപ്പെടെ ഭക്ഷ്യ വിതരണ ശൃംഖലയിലെ എല്ലാ തരത്തിലുമുള്ള ബിസിനസുകൾക്കും ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കേഷൻ ബാധകമാണ്


കൂടുതൽ വിവരങ്ങൾക്ക്

**NATIONAL CENTRE FOR HACCP CERTIFICATION**

2, Vidhya Nagar, Opposite Police Ground,
Thycaud P.O., Thiruvananthapuram - 695014.
Tel: +91 471-2321882 Fax: +91 471-2322883
Email: info@haccpindia.org
www.haccpindia.org

## വോയിസ് ഓഫ് ജനറൽ സെക്രട്ടറി





# എം.എസ്.എം.ഇ. കളുടെ വളർച്ചയ്ക്ക് ബാങ്കുകളുടെ ശ്രദ്ധ കൂടുതൽ പതിയണം.

കാർഷിക മേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ശ്രദ്ധിക്കപ്പെടുന്നത് എം.എസ്.എം.ഇ. മേഖലയാണ്. കുറഞ്ഞ മൂലധനം മുടക്കി കൂടുതൽ തൊഴിൽ സൗകര്യങ്ങളും രാജ്യത്തിന്റെ സമ്പത് ഘടനയിലും റവന്യു വരുമാനത്തിലും വിദേശ്യ നാണ്യസമ്പാദനത്തിലും ഈ മേഖല മുഖ്യ പങ്കാണ് വഹിക്കുന്നത്. ഈ മേഖലയുടെ വികസനത്തിന് എല്ലാവിധ പ്രോത്സാഹനങ്ങളും നല്കേണ്ടത് സർക്കാരിന്റെ വിവിധ ഏജൻസികളുടെയും ധനകാര്യ സ്ഥാപനങ്ങളായ ബാങ്കുകളുടെയും ഭാഗത്ത് നിന്നുണ്ടാകേണ്ട ആവശ്യകതയാണ് നമ്മുടെ മുമ്പിലുള്ളത്. എം.എസ്.എം.ഇ. മേഖലയുടെ വളർച്ചയ്ക്ക് ബാങ്കുകളുടെ ഭാഗത്ത് നിന്ന് സൗഹാർദ്ദപരവും അനുകൂലവുമായ സമീപനം ഉണ്ടാകുന്നില്ലെന്ന് പൊതുവെ ഒരു പരാതിയുണ്ട്. പ്രൊജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വായ്പകൾ അനുവദിക്കാതിരിക്കുക, അനുവദിച്ചാൽ തന്നെ ഈ തുക സമയാസമയങ്ങളിൽ ലഭിക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത നിലവിലുണ്ട്. വായ്പകളിന്മേൽ ഏകീകരണ സ്വഭാവമില്ലാത്ത അമിത പലിശനിരക്ക് ആണ് ഈടാക്കുന്നത്.

ഈ പലിശ നിരക്കിനു പുറമെ അപേക്ഷകളിൽ പ്രൊസ്സസിങ്ങ് ചാർജ്ജ്, വിവിധ സർവ്വീസ് ചാർജ്ജുകൾ തുടങ്ങിയ ഇനത്തിൽ അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുന്ന നടപടികളാണ് ബാങ്കുകളുടെ ഭാഗത്ത് നിന്നുണ്ടാകുന്നത്. വായ്പകൾ അനുവദിച്ചു കഴിഞ്ഞതിനുശേഷം ആ സംരംഭകത്തിന്റെ പ്രവർത്തനക്ഷമതയെ സംബന്ധിച്ചോ വായ്പകൾ യഥാസമയം അടക്കാൻ സാധിച്ചില്ലെങ്കിൽ അതിനെ സംബന്ധിച്ച് അന്വേഷിക്കുകയോ ചെയ്യാനുള്ള കടമ ബാങ്കുകളുടെ ഭാഗത്തുനിന്നുണ്ടാകുന്നില്ലെന്നുള്ളത് മറ്റൊരു വസ്തുതയാണ്. തൊഴിൽ സമരങ്ങൾ മൂലമോ വിപണന രംഗത്തുള്ള മാന്ദ്യമോ സാധനങ്ങൾ സപ്ലൈ ചെയ്തു കഴിഞ്ഞാൽ യഥാസമയം വായ്പയും തിരിച്ചു അടക്കാൻ സാധിക്കാതെ വരുന്നുണ്ട്. എന്നാൽ സംരംഭകത്തിന്റെ ഈ ബുദ്ധിമുട്ടുകൾ കണക്കിലെടുക്കാതെ വായ്പ കുടിശ്ശിക 90 ദിവസം കഴിഞ്ഞാൽ സ്ഥാപനം നിഷ്ക്രിയ ആസ്തിയായി (എൻ.പി.എ.) കണക്കാക്കി റവന്യു റിക്കവറി നടപടികളിലേക്കാണ് ബാങ്ക് നീങ്ങുന്നത്. എൻ.പി.എ. ആയി പരിഗണിക്കുന്ന സമയ പരിധി ഒരു കൊല്ലമായി നിശ്ചയിക്കണമെന്ന എം.എസ്.എം.ഇ. കളുടെ ആവശ്യം ഇതുവരെ പരിഗണിച്ചിട്ടില്ല. ഒരു വ്യവസായിക്ക് വായ്പ നല്കിയ ബാങ്കിൽ നിന്നും ശരിയായ സർവ്വീസ് ലഭിക്കുന്നില്ലെങ്കിൽ ബാങ്കിന്റെ അതുവരെയുള്ള എല്ലാ ബാദ്ധ്യതകളും തീർത്ത് മറ്റൊരു ബാങ്കിനെ സമിപിക്കുന്നതിന് വ്യവസായിയ്ക്ക് സ്വാതന്ത്ര്യമുണ്ട്. എന്നാൽ വായ്പ കാലാവധി വരെയുള്ള തുകയ്ക്ക് ഒരു ശതമാനം മുതൽ മൂന്നു ശതമാനം വരെ പ്രീക്ലോസ്സർ ചാർജ് നല്കിയാലെ ചില ബാങ്കുകൾ എൻ.ഒ.സി. നല്കുകയുള്ളു. ഷെഡ്യൂൾഡ് ബാങ്കുകളാണ് പ്രീ ക്ലോഷർ ചാർജ്ജ് ഈടാക്കുന്നതിൽ മുൻനിരയിലാണുള്ളത്. നിയമ വിരുദ്ധമായ ഈ പ്രീക്ലോസ്സർ ചാർജ്ജ് ഒഴിവാക്കേണ്ടതാണ്.

സംസ്ഥാനത്തു നിന്ന് സംഭരിക്കുന്ന സാമ്പത്തികം ഇവിടെ തന്നെ വിനിയോഗിക്കാൻ അവസരം നല്കാതെ മറ്റിടങ്ങളിൽ കൊണ്ട് പോകുന്ന പ്രവണതയായിരുന്നു ഈ അടുത്ത കാലം വരെ ബാങ്കുകൾ ചെയ്തിരുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ ക്രെഡിറ്റ്–ഡിപ്പോസിറ്റ് റേഷ്യോ 40–45 ശതമാനം വരെയായിരുന്നു. എന്നാൽ ഈ അടുത്ത കാലത്ത് ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ 67 ശതമാനം വരെ എത്തിയതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് ആശാവഹവും സ്വാഗതാർഹവുമാണ്. സംസ്ഥാന സർക്കാരിന്റെയും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെയും ശക്തമായ ഇടപ്പെടലുകൾ ഈ വർദ്ധനയ്ക്ക് സഹായകരമായിട്ടുണ്ട്. വ്യവസായ വികസനത്തിൽ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന പുതിയ നയങ്ങളും പദ്ധതികളുമായി പൂർണ്ണമായും സഹകരിച്ച് എം.എസ്.എം.ഇ.കളുടെ വളർച്ചയ്ക്ക് ബാങ്കുകളിൽ നിന്നും ഉദാരമായ സമീപനം സ്വീകരിക്കണമെന്നാണ് എം.എസ്.എം.ഇ.കളെ പ്രതിനിധികരിക്കുന്ന കെ.എസ്.എസ്.ഐ.എ. യുടെ ആവശ്യം.

**പി.ജെ. ജോസ്**
ജനറൽ സെക്രട്ടറി

# ചോദ്യോത്തര പംക്തി

GOODS AND SERVICES TAX

## ചോദ്യങ്ങൾ:

കെ.എസ്.എസ്.ഐ.എ.യുടെ സംസ്ഥാന പ്രസിഡന്റ് എന്ന നിലയിൽ കേരളത്തിന്റെ അങ്ങോളമിങ്ങോളമുള്ള വ്യാപാരി വ്യവസായികളുടെ പ്രശ്നങ്ങളും സംശയങ്ങളും ആശങ്കകളും അവർ എന്നോട് പങ്കു വെയ്ക്കാറുണ്ട്. ഈ അടുത്ത കാലത്തായി ഏറ്റവും കൂടുതൽ വ്യാപാരി വ്യവസായികൾ എന്നോട് ചോദിച്ചിട്ടുള്ള ചില ചോദ്യങ്ങൾ ഞാൻ **ജി.എസ്.റ്റി. ടാക്സ് കമ്മിറ്റി ചെയർമാൻ, അഡ്വ. കെ.എസ്. ഹരിഹരനോട്** ആരായുകയാണ്.

1. **ജി.എസ്.റ്റി.യിൽ ലേറ്റ് ഫീ, പലിശ, പിഴ, എന്നിവ അടയ്ക്കേണ്ടി വരുന്ന ധാരാളം സന്ദർഭങ്ങളുണ്ട്. എന്നാൽ മനഃപൂർവ്വമല്ലാത്ത വീഴ്ചകൾക്കു പോലും ജി.എസ്.റ്റി.യിൽ പിഴ അടയ്ക്കാൻ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നത് എന്തുകൊണ്ട്?**

2. **ഒരു സാമ്പത്തിക വർഷത്തെ സംബന്ധിക്കുന്ന കണക്കുകളും ബന്ധപ്പെട്ട രേഖകളും ആ സാമ്പത്തിക വർഷം അവസാനിച്ചു കഴിഞ്ഞുള്ള ആറു വർഷം വരെയും സൂക്ഷിക്കണം എന്ന് വ്യവസ്ഥയുണ്ട്. എന്നാൽ അതിലുമേറെ വർഷങ്ങൾ കണക്കുകളും രേഖകളും സൂക്ഷിക്കണം എന്നും, ആറിലുമധികം വർഷം പിന്നിട്ടതിനു ശേഷവും ജി.എസ്.റ്റി. ഉദ്യോഗസ്ഥർക്ക് നടപടിയെടുക്കാം എന്നും കൂടി ജി.എസ്.റ്റി. നിയമത്തിൽ വ്യവസ്ഥയുള്ളതായി കാണുന്നു. ഇതിനെന്താണ് കാരണം, എന്താണ് ന്യായം?**

3. **ഡിപ്പാർട്ട്മെന്റൽ ഓഡിറ്റ് നടപടികൾ നേരിടുന്ന ബിസിനസ്സുകാർക്ക് പലർക്കും പോയ വർഷങ്ങളിലെ കണക്കുകളും രേഖകളും ഹാജരാക്കുന്നതിൽ വലിയ പ്രയാസം നേരിടേണ്ടി വരുന്നതായി കാണുന്നുണ്ട്. ഇത്തരമൊരു സാഹചര്യം തങ്ങൾക്ക് വരുന്നതിനെ ഒഴിവാക്കാൻ ഒരു സാധാരണ ബിസിനസ്സുകാരൻ തന്റെ മുൻ വർഷത്തെ കണക്കുകളുമായി ബന്ധപ്പെട്ട് എടുക്കേണ്ട മുൻകരുതലുകൾ വ്യക്തമാക്കാമോ?**



**ശ്രീ. എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**
**കെ.എസ്.എസ്.ഐ.എ.**

## ഉത്തരം 1:

ജി.എസ്.റ്റി. സെൽഫ്- അസ്സസ്സ്മെന്റിന്റെ അടിസ്ഥാനത്തിലുള്ള നികുതി വ്യവസ്ഥയാണ്. അതായത്, ഓരോ നികുതിദായകനും സ്വന്തം ജി.എസ്.റ്റി ബാധ്യത സ്വയം നിർണ്ണയിക്കുകയും അത് റിട്ടേണുകളിൽ രേഖപ്പെടുത്തി സർക്കാരിലേക്ക് അടയ്ക്കുകയും ചെയ്യാൻ ബാധ്യതയുണ്ട്. നികുതിദായകർ ശരിയായ രീതിയിൽ സെൽഫ്-അസ്സസ്സ്മെന്റ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കൽ മാത്രമാണ് ഇന്ത്യയിൽ ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റിന്റെ ജോലി. തങ്ങളുടെ ജി.എസ്.റ്റി. ബാധ്യത സ്വയം നിർണ്ണയിക്കൽ നികുതിദായകനിൽ നിക്ഷിപ്തമായ കർത്തവ്യമായതിനാൽ, ആ കർത്തവ്യത്തിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചാൽ, അത് മനഃപൂർവ്വം സംഭവിച്ച വീഴ്ചയല്ലെങ്കിൽക്കൂടി, നികുതിദായകനെ ആ വീഴ്ചയുടെ പേരിൽ ശിക്ഷിക്കണം എന്നാണ് ജി.എസ്.റ്റി. നിയമം വ്യവസ്ഥ ചെയ്യുന്നത്. മനഃപൂർവ്വമായ വീഴ്ച വരുത്തിയതായി കണ്ടെത്തപ്പെടുന്ന പക്ഷം കുറേക്കൂടി കഠിനമായ ശിക്ഷ നൽകപ്പെടുന്നതുമാണ്. ഏതെങ്കിലും ഒരു സാമ്പത്തിക വർഷത്തെ സംബന്ധിക്കുന്ന തന്റെ ജി.എസ്.റ്റി. ബാധ്യത സ്വയം നിർണ്ണയിച്ച് ചെയ്ത റിട്ടേണും സമർപ്പിച്ച് സർക്കാരിലേക്ക് നികുതിയടച്ച് കഴിഞ്ഞ

ഒരു നികുതിദായകന് ആ പ്രക്രിയയിൽ എന്തെങ്കിലും വീഴ്ച വന്നു പോയിട്ടുണ്ടെങ്കിൽ അത് വീഴ്ച തിരുത്താൻ, പ്രസ്തുത സാമ്പത്തിക വർഷം അവസാനിക്കുന്ന തീയതി കഴിഞ്ഞു വരുന്ന നവംബർ മാസത്തിലെ 30-ാം തിയതി വരെ സമയമുണ്ട്. ആ തീയതി കഴിഞ്ഞാൽ പിന്നീട് സാധാരണ നിലയിൽ എന്തെങ്കിലും നികുതിബാധ്യത ബാക്കി നിൽക്കുന്നതായി കണ്ടെത്തപ്പെട്ടാൽ പലിശ സഹിതം ആ അധിക നികുതിത്തുക സർക്കാരിലേക്ക് അടച്ചേ മതിയാകൂ.

മനഃപൂർവ്വമല്ലാത്ത വീഴ്ച മൂലമാണ് അപ്രകാരം നികുതി ബാധ്യത ബാക്കി നിന്നത് എങ്കിൽ സി.ജി.എസ്.റ്റി. ആക്റ്റിന്റെ സെക്ഷൻ 73 പ്രകാരം, ആ നികുതി ദായകൻ ആ നികുതിത്തുകയ്ക്കും പലിശയ്ക്കും പുറമെ, ആ ബാക്കി നിന്ന നികുതിത്തുകയ്ക്ക് തത്തുല്യമായ ഒരു തുകയോ, 10,000 രൂപയോ, ഏതാണോ കൂടുതൽ, ആ തുക സർക്കാരിലേക്ക് പിഴയായി അടയ്ക്കാൻ ബാധ്യസ്ഥനാണ്. അതായത്, കേവലം 10 രൂപ നികുതി ബാധ്യത ബാക്കി നിൽക്കുന്നതായി കണ്ടെത്തപ്പെട്ടാലും നികുതി ദായകൻ നിർബന്ധമായും കുറഞ്ഞത് 10,000 രൂപയെങ്കിലും പിഴയായി അടയ്ക്കണം എന്നാണ് നിയമം വ്യവസ്ഥ ചെയ്യുന്നത്. ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ നിസ്സഹായരാണ്. നിയമം അനുശാസിക്കുന്ന തുക പിഴയായി ചുമത്തി ഉത്തരവിടുകയോ അവർക്ക് നിർവ്വാഹമുള്ളൂ.

മനഃപൂർവ്വമുള്ള എന്തെങ്കിലും വീഴ്ച മൂലമാണ് അപ്രകാരം നികുതി ബാധ്യത ബാക്കി നിന്നത് എന്ന് കണ്ടെത്തപ്പെടുകയാണെങ്കിൽ സി.ജി.എസ്.റ്റി ആക്റ്റിന്റെ സെക്ഷൻ 74 ആണ് പ്രയോഗിക്കപ്പെടുക. ഇത്തരം സാഹചര്യങ്ങളിൽ, നികുതിത്തുകയ്ക്കും പലിശയ്ക്കും പുറമെ നികുതിദായകൻ അടയ്ക്കേണ്ടി വരുന്ന പിഴത്തുക ഉത്തരവ് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥന് നിശ്ചയിക്കാവുന്നതാണ് എന്നാണ് നിയമം വ്യവസ്ഥ ചെയ്യുന്നത്. ഒരു സമ്പ്രദായമെന്നോണം ബാക്കി നിന്ന നികുതിത്തുകയുടെ ഏറ്റവും കുറഞ്ഞത് 15 ശതമാനം വരുന്ന ഒരു തുകയെങ്കിലും സെക്ഷൻ 74 കേസുകളിൽ ഉദ്യോഗസ്ഥർ പിഴയായി അടയ്ക്കാൻ ഉത്തരവിടാറുണ്ട്. നിയമം അനുശാസിക്കുന്ന സമയത്തിനുള്ളിൽ നിയമം അനുശാസിക്കുന്ന കാര്യങ്ങൾ ചെയ്തു പൂർത്തിയാക്കാതെ വരുമ്പോഴാണ് സ്വതവേ ജി.എസ്.റ്റി. നിയമത്തിൽ ലേറ്റ് ഫീ ഈടാക്കുന്നത്. ഇതും നിയമത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ള തുകകൾ ആയതിനാൽ ഉദ്യോഗസ്ഥർക്ക് ഇളവ് വരുത്തിക്കൊടുക്കാൻ സാധ്യമല്ല. ഉദാഹരണത്തിന് പ്രതിമാസ ജി.എസ്.റ്റി. റിട്ടേണുകൾ സമർപ്പിക്കാൻ വൈകുന്ന വ്യക്തികൾ, വൈകുന്ന ഓരോ മാസത്തേക്കും 50 രൂപ എന്ന നിരക്കിൽ, പരമാവധി 20,000 രൂപ എന്ന പരിധിയോടെ ലേറ്റ് ഫീ ഇനത്തിൽ അടച്ചേ മതിയാകൂ.

## ഉത്തരം 2:

സി. ജി.എസ്.റ്റി. സെക്ഷൻ 36-ൽ പ്രതിപാദിച്ചിരിക്കുന്നത്രയും കാലയളവിലേക്കാണ് കണക്കുകൾ സൂക്ഷിക്കേണ്ടത്.

ഏതൊരു സാമ്പത്തിക വർഷത്തെ സംബന്ധിക്കുന്ന കണക്കുകളും രേഖകളും, ആ സാമ്പത്തിക വർഷത്തിനെ സംബന്ധിച്ച വാർഷിക റിട്ടേൺ സമർപ്പിക്കേണ്ട തീയതി മുതൽ 72 മാസങ്ങൾ കഴിയുന്നത് വരെ നികുതി ദായകൻ സൂക്ഷിക്കേണ്ടതായാണ് സെക്ഷൻ 36 നിഷ്കർഷിക്കുന്നത്. എന്നാൽ സെക്ഷൻ 36 – ന്റെ പ്രൊവൈസോ പ്രകാരം, ഏതെങ്കിലും സാമ്പത്തിക വർഷത്തെ സംബന്ധിക്കുന്ന ഒരു ഓർഡറിന്മേൽ അപ്പീലുകളോ റിവിഷൻ നടപടികളോ നടന്നുകൊണ്ടിരിക്കുന്നുണ്ടെങ്കിൽ, ആ ഓർഡർ അവസാനമായി തീർപ്പുകൽപ്പിച്ച് ഒരു വർഷം കഴിയുന്നതു വരെ ആ സാമ്പത്തിക വർഷത്തെ സംബന്ധിക്കുന്ന കണക്കുകളും രേഖകളും ആ നികുതിദായകൻ സൂക്ഷിക്കണം എന്ന് നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. ഇതുമൂലം, അപ്പീൽ അല്ലെങ്കിൽ റിവിഷൻ നടപടികൾ അന്തിമമായി തീർപ്പുകൽപ്പിക്കുന്നത് 10 വർഷം കഴിഞ്ഞാണെങ്കിൽ, നികുതിദായകൻ കണക്കുകളും രേഖകളും 11 വർഷം വരെ സൂക്ഷിച്ചു വയ്ക്കണമെന്നും ആവശ്യപ്പെടുമ്പോൾ ഹാജരാക്കണമെന്നും സാരം.

## ഉത്തരം 3:

ജി. എസ്.റ്റി.യിൽ കണക്കുകളും അവയ്ക്ക് ആധാരമായ രേഖകളും കൃത്യമായി സൂക്ഷിക്കുകയും പരിപാലിക്കുകയും ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെടുന്ന പക്ഷം ഉടനെ തന്നെ അവ ഹാജരാക്കുകയും ചെയ്യുന്നത് സുപ്രധാനമായ കാര്യങ്ങളാണ്. നിർഭാഗ്യവശാൽ, ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റ്, ഡിപ്പാർട്ട്മെന്റൽ ഓഡിറ്റ് നടപടികൾക്ക് തുടക്കം കുറിച്ചതിന് ശേഷമാണ് പല നികുതിദായകരും ഇപ്രകാരം കണക്കുകളും രേഖകളും അച്ചടക്കത്തോടെ സൂക്ഷിക്കേണ്ടതിന്റെയും ആവശ്യപ്പെട്ടാൽ ഉടനെ തന്നെ അവ ഹാജരാക്കാൻ തയ്യാറായിരിക്കുന്നതിന്റെയും അനിവാര്യത മനസ്സിലാക്കുന്നത്. ഇപ്പോൾ ഉയർന്ന വാർഷിക ടേണോവർ ഉള്ള നികുതി ദായകർക്ക് നേരെയാണ് ഡിപ്പാർട്ട്മെന്റൽ ഓഡിറ്റ് നടപടികൾ നടപ്പാക്കിത്തുടങ്ങിയിട്ടുള്ളത്. എന്നാൽ അധികം വൈകാതെ തന്നെ ഭൂരിഭാഗം ജി.എസ്.റ്റി. ദായകരും ഡിപ്പാർട്ട്മെന്റൽ ഓഡിറ്റിന്റെ പരിധിയിൽ കൊണ്ടുവരപ്പെടാൻ സാധ്യതയുണ്ട്. അതിനാൽ ജി.എസ്.റ്റി. ദായകർ എല്ലാവരും തന്നെ തങ്ങളുടെ മുൻവർഷങ്ങളിലെ കണക്കുകളും അവയ്ക്ക് ആധാരമായ രേഖകളും കൃത്യമായും ചിട്ടയോടെയും സൂക്ഷിച്ചു പോരേണ്ടതും ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെട്ടാൽ ഉടനെതന്നെ അവ ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെടുന്ന രീതിയിൽ ഹാജരാക്കുവാൻ എപ്പോഴും തയ്യാറായിരിക്കേണ്ടതുമാണ്.

# ചോദ്യോത്തര പംക്തി

GOODS AND SERVICES TAX

നികുതിദായകരെ ഇതിന് സഹായിക്കുന്ന ഒരേയൊരു പ്രായോഗിക മാർഗ്ഗം ഇന്റേണൽ ഓഡിറ്റാണ്. ഓരോ സാമ്പത്തിക വർഷവും അവസാനിക്കുമ്പോൾ, അതാത് സാമ്പത്തിക വർഷത്തിലെ കണക്കുകളും രേഖകളുമെല്ലാം, അക്കൗണ്ട്സ്, നികുതി, വിഷയങ്ങളിൽ പ്രാഗല്ഭ്യമുള്ള ഒരു പ്രൊഫഷണലിനെക്കൊണ്ട് ആന്തരികമായി ഓഡിറ്റ് ചെയ്യിപ്പിക്കുകയും (പരിശോധിപ്പിക്കുകയും), എന്തെങ്കിലും കുറ്റങ്ങളോ കുറവുകളോ കാണപ്പെടുന്ന പക്ഷം അവ തിരുത്താൻ വേണ്ട നടപടികൾ എടുക്കുകയും, ആവശ്യമുള്ള സാഹചര്യങ്ങളിൽ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളും, തയ്യാറാക്കിവയ്ക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ഇന്റേണൽ ഓഡിറ്റ് എന്ന് അറിയപ്പെടുന്നത്. സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന ഓഡിറ്റ് മാന്വലിനെ ആധാരമാക്കി, ഒരു ഡിപ്പാർട്ട്മെന്റൽ ഓഡിറ്റിൽ ജി.എസ്.റ്റി ഡിപ്പാർട്ട്മെന്റ് ഹാജരാക്കാൻ ആവശ്യപ്പെടുന്ന തരം വിവരങ്ങളെല്ലാം പട്ടികകളായും പ്രസ്താവനകളായും ക്രോഡീകരിച്ച് വയ്ക്കുന്നതും ഇന്റേണൽ ഓഡിറ്റ് പ്രക്രിയയുടെ ഭാഗമായി നടക്കും. ഇതിന്റെയെല്ലാം പ്രയോജനം എന്തെന്നാൽ ഏതാനും വർഷങ്ങൾ പിന്നിട്ടതിനു ശേഷം ഒരു മുൻ വർഷത്തെ സംബന്ധിക്കുന്ന രേഖകളും അവയുടെ അനുപാതങ്ങളും മറ്റ് കണക്കുകളുമെല്ലാം ഹാജരാക്കുവാൻ ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റ് നോട്ടീസ് അയയ്ക്കുകയാണെങ്കിൽ, അപ്പോൾ ആ പഴയ കണക്കുകൾ പരിശോധിക്കാനും പട്ടികകൾ തയ്യാറാക്കാനും ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെടുന്ന വിവരങ്ങൾ സമയബന്ധിതമായി ഹാജരാക്കാനും ബിസിനസ്സുകാർ ബന്ധപ്പെടേണ്ടതില്ല. അതാത് വർഷങ്ങളുടെ ഒടുവിൽ തയ്യാറാക്കി മാറ്റി വെച്ച ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ടുകളിലും രേഖകളിലും സർക്കാർ ആവശ്യപ്പെടുന്നതായ എല്ലാ വിവരങ്ങളും എളുപ്പം പരിശോധിക്കാവുന്ന രീതിയിൽ രേഖപ്പെടുത്തി വെച്ചിട്ടുണ്ടാവും. ഒരു ബിസിനസ്സ് സ്ഥാപനത്തിൽ ജോലി ചെയ്യുന്ന അക്കൗണ്ടന്റുമാർ സ്ഥലം മാറുകയോ സ്ഥാനം മാറുകയോ ജോലി വിട്ടുപോകുകയോ ചെയ്താൽ അക്കൗണ്ട്സ് സംവിധാനം മുഴുവൻ താറുമാറാവുകയും മുൻ വർഷങ്ങളിലെ വിവരങ്ങൾ സംഘടിപ്പിക്കൽ, പ്രാപ്യമാവുകയും ചെയ്യുന്ന അവസ്ഥ എന്നെന്നേക്കുമായി ഇല്ലാതാവുകയും ചെയ്യും.

ഒരു നികുതിദായകൻ 2023 –ൽ ആ വർഷത്തെ കാര്യങ്ങളിൽ വ്യാപൃതനാകുമ്പോൾ 2017 – 18 ലെ രേഖകൾ തപ്പിയെടുത്ത് ഓഫീസർമാർ പറയുന്ന തിയതിയിൽ പല വിധ സ്റ്റേറ്റ്മെന്റുകളും തയ്യാറാക്കി ഹാജരാക്കുക എന്നത് കഠിനമായിരിക്കും. നടപ്പു സാമ്പത്തിക വർഷത്തിലെ ആ നികുതിദായകന്റെ പ്രവർത്തനത്തെയും അയാളുടെയും അയാളുടെ സ്ഥാപനത്തിലെ സ്റ്റാഫുകളുടെയും മനസ്സമാധാനത്തെപ്പോലും അതു ബാധിച്ചേക്കാം. മാത്രവുമല്ല 2017 –18 കാലഘട്ടത്തിലെ കണക്കുകൾ ചെയ്ത അക്കൗണ്ടന്റുമാർ പോയി പുതിയ ആളുകൾ വന്നാലും അത്തരം കാര്യങ്ങളിൽ എളുപ്പം രേഖകൾ ഉദ്യോഗസ്ഥരുടെ മുമ്പിൽ ഹാജരാക്കാൻ പാകത്തിന് വ്യക്തതയോടെയുള്ള സമയാസമയങ്ങളിലെ മുന്നൊരുക്കം അനിവാര്യമാണ്. ലേഖകന്റെ അഭിപ്രായത്തിൽ ഇതിനെല്ലാം ഒരു ശാശ്വത പരിഹാരം, എല്ലാ ബിസിനസ്സുകാരും ഇന്റേണൽ ഓഡിറ്റ് ചെയ്ത് കണക്കുകളും രേഖകളും വിവരങ്ങളും ചിട്ടയോടെ സൂക്ഷിക്കൽ ഒരു ശീലമാക്കി മാറ്റുക എന്നത് മാത്രമാണ്.

ബഹുമാനപ്പെട്ട കെ.എസ്.എസ്.ഐ.എ. യുടെ സംസ്ഥാന പ്രസിഡന്റിനോട് പല വ്യവസായികളും ആവർത്തിച്ചു ചോദിച്ചു കൊണ്ടിരിക്കുന്ന ഇത്തരം പൊതു ചോദ്യങ്ങൾക്ക് ഒരു ലഘു ഉത്തരം മാത്രമാണ് ഇവിടെ വിവരിച്ചത്. വിശദമായ ജി.എസ്.റ്റി. മുൻ കരുതലുകളെക്കുറിച്ച്, സമയാസമയം സംഘടനയുടെ നേതൃത്വത്തിൽ വ്യവസായികൾക്കായി സംഘടിപ്പിച്ചു വരുന്ന അവബോധന പരിപാടികളിൽ നേരിട്ടുള്ള സംശയ നിവാരണത്തിലൂടെയും ചർച്ചയിലൂടെയും പഠിക്കാവുന്നതാണ്.



**അഡ്വ. കെ. എസ്. ഹരിഹരൻ**
**ജി. എസ്. റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ**
**9846227555, 7902443188, 7907000401**

# KSEB ANTI POWER THEFT SQUAD

## ചോദ്യം:

**കണ്ണൂർ ജില്ലയിലെ ഒരു വ്യവസായ സ്ഥാപനത്തിൽ കഴിഞ്ഞ മാസം കെ.എസ്.ഇ.ബി. യുടെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് (എ.പി.റ്റി.എസ്) മിന്നൽ പരിശോധന നടത്തി സൈറ്റ് മഹസ്സർ തന്നിട്ടുണ്ട്. ഞാൻ ഇനി എന്താണ് ചെയ്യേണ്ടത്?**

**മുഹമ്മദ് നാസർ, കണ്ണൂർ**

## ഉത്തരം:

എ.പി.റ്റി.എസ്. എന്നതിൽ നിന്നു തന്നെ നമുക്ക് മനസിലാക്കാം അത് വൈദ്യുതി മോഷണം കണ്ടു പിടിച്ച് പിഴ ചുമത്തുന്ന, കെ.എസ്.ഇ.ബി. യുടെ ഒരു വിംഗ് ആണ്. അവർ പരിശോധന നടത്തി, സൈറ്റ് മഹസ്സർ തന്നിട്ട് പോയതിന് പിന്നാലെ 7 ദിവസത്തിനുള്ളിൽ, അസസിംഗ് ഓഫീസറായ സബ്ഡിവിഷൻ അസി. എക്സി. എഞ്ചിനിയർ ഒരു പ്രൊവിഷണൽ അസസ്മെന്റ് ബിൽ നിങ്ങൾക്ക് തരുന്നതായിരിക്കും. അതിൽ നമുക്ക് ആക്ഷേപം ഉണ്ടെന്ന പക്ഷം, ബന്ധപ്പെട്ട സബ് ഡിവിഷനിൽ ഒരു അപേക്ഷ സമർപ്പിക്കേണ്ടതാണ്. അതിന് മറുപടിയായി, അസസിംഗ് ഓഫീസർ, 7 ദിവസത്തിനുള്ളിൽ, ഉപഭോക്താവിനെ ഹിയറിംഗിനായി വിളിപ്പിക്കും. അത് നമുക്ക് അനധികൃതമായ ലോഡ് കണക്റ്റ് ചെയ്തിട്ടില്ല എന്ന് തെളിയിക്കാനുള്ള ഒരു അവസരമാണ്. മതിയായ തെളിവുകൾ ആ സമയത്ത് ഹാജരാക്കിയാൽ പിഴയിൽ ഇളവ് ചെയ്ത് കിട്ടുന്നതാണ്. കൂടാതെ അവർ തന്നിരിക്കുന്ന പീനൽ ബില്ലിൽ വല്ല തെറ്റുകളോ, ആവശ്യമായ തിരുത്തലുകൾ വരുത്തി, തന്നിരിക്കുന്ന ബിൽ പുനപരിശോധിച്ച്, വീണ്ടും കണക്കുകൂട്ടി ഒരു ഫൈനൽ ബിൽ, 30 ദിവസത്തിനുള്ളിൽ തരുന്നതായിരിക്കും. അതിൽ നമ്മൾ തൃപ്തരരാണെങ്കിൽ ആ തുക അതാത് സെക്ഷനിൽ അടച്ച് ബിൽ ക്ലോസ് ചെയ്യാവുന്നതാണ്. അതല്ല, മറിച്ച്, ആണെങ്കിൽ, സെക്ഷൻ 127 അനുസരിച്ച് ഉപഭോക്താവിന് അപ്പലേറ്റ് അതോറിറ്റിക്ക് അനെക്ഷർ 21 ൽ അപ്പീൽ കൊടുക്കാവുന്നതാണ്. അതിനായി ഫൈനൽ ബില്ലിന്റെ 50 ശതമാനം വരുന്ന തുക ക്യാഷാ ആയോ ഡി.ഡി. ആയോ അടച്ച്, അപ്പീൽ ഫീസായി മൊത്തം തുകയുടെ 2 ശതമാനം (ഒരു ലക്ഷത്തിൽ താഴെ വരുന്ന തുകയ്ക്ക് 2 ശതമാനവും, ഒരു ലക്ഷത്തിന് മുകളിൽ വരുന്ന തുകയ്ക്ക് 1 ശതമാനവുമാണ് അപ്പീൽ ഫീസ്) വരുന്ന തുകയും അടച്ചതിന് ശേഷം, അപേക്ഷയുടെ രണ്ട് കോപ്പി സഹിതം, അപ്പലേറ്റ് അതോറിറ്റിയുടെ വിലാസമായ സ്റ്റേറ്റ് അപ്പലേറ്റ് അതോറിറ്റി, നിയർ 110.കെ.വി. സബ്സ്റ്റേഷൻ, വൈറ്റില, എറണാകുളം എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. അപേക്ഷ അവിടെ ലഭിക്കുന്ന മുറയ്ക്ക് അപ്പലേറ്റ് അതോറിറ്റി ഒരു കൂടിക്കാഴ്ചയ്ക്ക് വിളിക്കുന്നതായിരിക്കും. അവിടെ നമുക്ക് കൂടുതലായി ബോധിപ്പിക്കാനുള്ള അവസരം ലഭിക്കുന്നതാണ്. ഇതിന്റെ അടിസ്ഥാന ത്തിലായിരിക്കും അന്തിമവിധി തീരുമാനിക്കുക.

ഇത് ഒരു സെമി ജുഡീഷ്യറി പവർ ഉള്ള സ്ഥാപനമാണ്. അതുകൊണ്ട് തന്നെ അപ്പലേറ്റ് അതോറിറ്റിയുടെ തീരുമാനം അന്തിരമമായിരിക്കും. ഇതിന് മുകളിൽ ഒരു അപ്പീലിനും സാധിക്കില്ല. എന്നും ഇലക്ട്രിസിറ്റി ആക്റ്റ് 2003 സെക്ഷൻ 127 ന്റെ ക്ലോസ് നമ്പർ 5 ൽ പറയുന്നുമുണ്ട്.

അപ്പ്ലേറ്റ് അതോറിറ്റിയുടെ ഹിയറിംഗിൽ പങ്കെടുക്കാവുന്നത്, ഒന്നുകിൽ ഉപഭോക്താവോ, അല്ലെങ്കിൽ വക്കീലോ, അതുമല്ലെങ്കിൽ ഈ മേഖലയിൽ അറിവുണ്ടെന്ന്, ഉപഭോക്താവിന് ബോധ്യമുള്ള ഒരാളോ ആവാം. ഇതിനായി ഉപഭോക്താവ് ഫോറം 1 –ൽ അദ്ദേഹത്തെ നിർദ്ദേശിച്ചു കൊണ്ട് അപ്പീലിന്റെ ഒപ്പം തന്നെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.



**പി.കെ. പുരുഷോത്തോമൻ**
**കെ.എസ്.എസ്.ഐ.എ. ഇലക്ട്രിസിറ്റി സബ് കമ്മിറ്റി കൺവീനർ**
**94477 40101**

**വ്യവസായികളുടെയും സംരംഭകരുടെയും സംശയങ്ങൾക്ക് മറുപടി നല്കുന്നു. വിവരങ്ങൾ അറിയാൻ കെ.എസ്.എസ്.ഐ.എ. ന്യൂസിലേക്ക് എഴുതുക.**





വിശ്വനാഥൻ ഒടാട്ട്

# ഹോം ഇൻഷുറൻസ്

കേരളത്തിൽ വീടിനും വീട്ടുപകരണങ്ങൾക്കും നാം ധാരാളം പണം ചിലവഴിക്കുന്നു. പക്ഷെ ഇവ സംരക്ഷിക്കാൻ നാമമാത്രമായ തുക ചിലവാക്കിയാൽ മതി. ഒന്നുകിൽ റിസ്കുകളെ കുറിച്ചുള്ള അറിവില്ലായ്മയോ അതല്ലെങ്കിൽ റിസ്കുകൾ കവർ ചെയ്യാനായി ധാരാളം പണം മുടക്കണമെന്ന ആശങ്കമൂലമോ നമ്മളിൽ പലരും ഇൻഷുറൻസ് എടുക്കാറില്ല. നിർഭാഗ്യവശാൽ പ്രകൃതിദുരന്തങ്ങൾ, കളവ്, പിടിച്ചുപറി, മോഷണം തുടങ്ങി ഒട്ടനവധി റിസ്കുകൾ നമുക്കു ചുറ്റും ഇന്ന് ധാരാളമായി അരങ്ങേറുന്നു. വർഷംതോറും ഒരു ചെറിയ പ്രീമിയം അടച്ചാൽ മനസ്സമാധനത്തോടെ ജീവിക്കുവാനും അനിഷ്ട സംഭവങ്ങൾ ഉണ്ടായാൽ നഷ്ടപരിഹാരം ലഭ്യമാവുന്നതുമാണ്.

വീടിനും സാധനസാമഗ്രികൾക്കും സാധാരണയായി സംഭവിച്ചേക്കാവുന്ന റിസ്കുകൾ എന്തെല്ലാമെന്ന് പരിശോധിക്കാം. തീപിടുത്തം, ഗ്യാസ്സിലിണ്ടർ, മണ്ണെണ്ണ സ്റ്റൗ, ഇലക്ട്രിക്ഹീറ്റർ, വൈദ്യുതിഷോർട്ട് സർക്യൂട്ട്, ഇടിമിന്നൽ, കാട്ടുതീ, തൊട്ടടുത്ത വീട്ടിൽനിന്നോ, സ്ഥാപനങ്ങളിൽ നിന്നോ പടർന്നേക്കാവുന്ന തീ എന്നിവ ഇതിൽ പ്രധാനമായുള്ളവയാണ്. പ്രകൃതിക്ഷോഭങ്ങളിൽ ശക്തിയായ കാറ്റു വീശുമ്പോൾ തൊട്ടടുത്ത വൃക്ഷങ്ങൾ വീടിന്മേലോ, മതിലിന്മേലോ കടപുഴകി വീഴാം. അതുപോലെ കാറ്റിൽ ഓട്, ഷീറ്റ് എന്നിവ പറന്നു പോകാനും ഇടയുണ്ട്.

താഴ്ന്ന സ്ഥലങ്ങളാണെങ്കിൽ വെള്ളം കയറി വീടിനും, സാധന സാമഗ്രികൾക്കും കേടുസംഭവിക്കാനും, മതിലിടിഞ്ഞു വീഴാനും സാദ്ധ്യതയുണ്ട്. സുനാമിപോലുള്ള സംഭവങ്ങൾ വിരളമാണെങ്കിലും തീരദേശത്തുള്ളവർക്ക് അതൊരു ഭീക്ഷണിതന്നെ. മലമ്പ്രദേശത്തുള്ളവർക്കാണെങ്കിൽ ഉരുൾ പൊട്ടൽ ഉണ്ടാവാം. ഭൂമികുലുക്കം, മണ്ണിടിച്ചിൽ, മലയിടിച്ചിൽ എന്നിവയ്ക്ക് പുറമെ തീവ്രവാദം വരെ ഈ പോളിസിയിൽ കവർചെയ്യുന്ന റിസ്കുകളാണ്.

റോഡിന് അഭിമുഖമായുള്ളവീട്, മതിൽ, ഗേറ്റ് എന്നിവയ്ക്കും വാഹനാപകടങ്ങൾ മുഖേന കേടുപാടുകൾ ഉണ്ടാവാം. കൂട്ടംകൂടി ആളുകൾ വന്നുള്ള ആക്രമണം, കേടുവരുത്തൽ എന്നിവയും സംഭവിക്കാവുന്ന റിസ്കുകളാണ്. വീട് കുത്തിപൊളിക്കുക, ചുമർതുരക്കുക, വീടിനും, സാധന സാമഗ്രികൾക്കും കേടുപാടുകൾ വരുത്തുക, ഒന്നും കിട്ടിയില്ലെങ്കിൽ വിദ്വേഷം തീർക്കാനായി കയ്യിൽ കിട്ടിയ സാധനങ്ങൾ നശിപ്പിക്കുക എന്നതും സർവ്വസാധാരണമാണ്.

മേൽപറഞ്ഞ എല്ലാ റിസ്കുകളും കവർ ചെയ്യാൻ നമുക്ക് ഈ പോളിസിയിലൂടെ സാധ്യമാണ്. വീട് എന്ന നിർവചനത്തിൽ കെട്ടിടം, ചുറ്റുമതിൽ, ഗേറ്റ്എന്നിവ പ്രത്യേകം എടുത്തു പറഞ്ഞു ഉൾപ്പെടുത്താവുന്നതാണ്. വീടിനകത്തെ സാധന സാമഗ്രികളിൽ ഫർണീച്ചറുകൾ, ഇലക്ട്രിക്കൽ/ഇലക്ട്രോണിക് ഉപകരണങ്ങൾ, വ്യക്തിഗത സാധനസാമഗ്രികൾ മുതലായവ ഉൾപ്പെടുന്നതാണ്. വീട് ദീർഘ കാലത്തേക്ക് (10 വർഷം വരെ) ഇൻഷൂർ ചെയ്യാനും വ്യവസ്ഥയുണ്ട്. പ്രത്യേകിച്ച് ഹൗസിങ്ങ് ലോൺ എടുക്കുമ്പോൾ നിർബന്ധമായും മേൽ പറഞ്ഞ പോളിസി എടുക്കേണ്ടതുണ്ട്.

**വാർഷിക പ്രീമിയം ജി.എസ്.ടി. ഉൾപ്പടെ**

| **പ്രീമിയം നിരക്ക്** | 10 ലക്ഷം | 20 ലക്ഷം | 30 ലക്ഷം | 50 ലക്ഷം | 80 ലക്ഷം | 100 ലക്ഷം |
|---|---|---|---|---|---|---|
| **വീട്/സാധനസാമഗ്രികൾ** | 270 | 540 | 810 | 1350 | 2160 | 2700 |

എയിംസ് ഇൻഷൂറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ. ✆ 9895768333

# ചെറുകിട വ്യവസായികൾക്കും മിതമായ നിരക്കിൽ ബാർകോഡ് ലഭ്യമാക്കുന്നു

അന്താരാഷ്ട്ര തലത്തിൽ റീട്ടെയിൽ ബിസിനസ് മേഖലയിലെ പ്രവർത്തനങ്ങൾ വളരെ എളുപ്പമാക്കുന്നതിൽ ഏറെ പങ്ക് വഹിച്ച ഒരു ഉൽപ്പന്നമാണ് ബാർകോഡ്. എന്നാൽ ഇന്നും നമ്മുടെ സമൂഹത്തിൽ ബാർകോഡ് എന്താണെന്നോ എന്തിനാണ്ബാർകോഡ്ഉപയോഗിക്കുന്നത്എന്ന്അറിയാത്തവരായും ധാരാളം ആളുകളുണ്ട്. ഉൽപ്പന്നങ്ങളെ സംബന്ധിച്ച് പൂർണ്ണ വിവരങ്ങളടങ്ങിയ കോഡുകൾ ഇലക്ട്രോണിക് രീതിയിൽ രേഖപ്പെടുത്തിയ വരകളാണ് ബാർകോഡ്. ഉൽപ്പന്നത്തിന്റെ വില, പ്രത്യേകത, നിർമ്മാണ യൂണിറ്റ്, രാജ്യം എന്നിവ ബാർ കോഡിൽ രേഖപ്പെടുത്തിയിരിക്കും. ആഗോളതലത്തിൽ ചില്ലറ വ്യാപാര മേഖലയുടെ പ്രവർത്തന രീതിയെ തന്നെ ബാർകോഡ് സംവിധാനം മാറ്റി മറിച്ചു. ബില്ലിങ്ങ് എളുപ്പമാക്കുന്നതിനൊപ്പം ശരിയായ വില ഇടാക്കാനും സാധനങ്ങളുടെ സ്റ്റോക്കിന്റെ കണക്ക് കൃത്യമായി സൂക്ഷിക്കാനും ബാർകോഡ് സംവിധാനം വളരെ സഹായകരമാണ്. അമേരിക്കക്കാരനായ നോർമൽ ജോസഫ് റുഡ്‌ലാൻഡ്, ജോർജ് ലോറർ എന്നിവരാണ് റീട്ടെയിൽ ബിസിനസ് മേഖലയുടെ തലവര തന്നെ മാറ്റിയെഴുതിയ ബോർകോഡിന്റെ കണ്ടുപിടുത്തത്തിന് പിന്നിൽ പ്രവർത്തിച്ചവർ.

ഇന്ന് സ്വന്തം ബിസിനസ് ആവശ്യങ്ങൾക്കായി ഒരു ബാർകോഡ് സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർ നേരിടുന്ന പ്രശ്നങ്ങൾ ധാരാളമാണ്. അതിനായി അവർ ചെലവാക്കേണ്ട തുക വളരെ വലുതാണ്. അവയുടെ റിന്യൂവലിനായും കനത്ത ഫീസ് നൽകേണ്ടതുണ്ട്. നമ്മുടെ ആവശ്യത്തിനുള്ളത് മാത്രം വാങ്ങാൻ പറ്റാത്ത ഒരു സാധനവും ആണ് ബാർകോഡുകൾ. എന്നാൽ ഇന്ന് ഏതൊരു സാധാരണ ബിസിനസുക്കാരനും തന്റെ ആവശ്യത്തിനനുസരിച്ച് മാത്രം ബാർകോഡുകൾ ലഭ്യമാക്കാൻ ഗ്ലോബൽ 360 സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന്റെ വെബ് സൈറ്റിലൂടെ (www.renewalfreebarcodes.com) സാധിക്കുന്നു. നമ്മുടെ കൊച്ചു കേരളത്തിൽ ഇതിനോടകം ആയിരക്കണക്കിന് ബാർകോഡുകൾ വളരെ കുറഞ്ഞ അളവിലും ബൾക്ക് ആയും ലഭ്യമാക്കി നൽകുന്ന സ്ഥാപനമാണ് അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്ലോബൽ 360 സൊല്യൂഷൻസ് എൽ.എൽ. സി. സ്ഥാപനത്തിന്റെ കേരള മിഡിൽ ഈസ്റ്റ് ഓപ്പറേഷൻ ഹെഡും ഡയറക്ടറുമായ നൗഫൽ ഷംസുദ്ധീൻ ബാർകോഡുകളുടെ വിപണനത്തെക്കുറിച്ചും ഈ മേഖലയിൽ നിൽക്കുന്ന അമിത വിലയെക്കുറിച്ചുമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

ഒരു സാധാരണ ചെറുകിട വ്യവസായി ബാർകോഡ് സ്വന്തമാക്കണമെങ്കിൽ മിനിമം 100 എണ്ണമെങ്കിലും വാങ്ങിയിരിക്കണം. അതിനായി ആ ബാർകോഡ് നൽകുന്ന സ്ഥാപനം പറയുന്ന വലിയ തുക ആ വ്യക്തി നൽകേണ്ടതായി വരും. മാത്രമല്ല 100 ബാർകോഡിനു മുകളിൽ കേവലം ഒരു ബാർകോഡ് പോലും കൂടുതലായി വാങ്ങണമെങ്കിൽ അടുത്ത ഘട്ടത്തിൽ ആ വ്യക്തി 1000 ബാർകോഡുകൾ വാങ്ങേണ്ടതായി വരും. ഇതാണ് ഇന്ന് മാർക്കറ്റിൽ നില നിൽക്കുന്ന ബാർകോഡ് വിപണന രീതി. എന്നാൽ ഇവിടെ സാധാരണക്കാരെ സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഒരു സ്ഥാപനം ഉദയം ചെയ്തിരിക്കുകയാണ്. അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്ലോബൽ 360 സൊല്യൂഷൻസ് ഏതൊരു ചെറിയ സംരംഭകനും അതായത് വെറും ഒരു ബാർകോഡ് ആവശ്യമുള്ള വ്യക്തി മുതൽ 10,000 ബാർകോഡ് വരെ ആവശ്യമുള്ളവർക്ക് വരെ അവരുടെ സൗകര്യത്തിനനുസരിച്ച് മിതമായ നിരക്കിൽ ബാർകോഡുകൾ ലഭ്യമാക്കുന്ന സ്ഥാപനമാണ് ഗ്ലോബൽ 360 സൊല്യൂഷൻസ്.

വെറും ഒരു ബാർകോഡ് മാത്രം ആവശ്യമുള്ള ഒരു വ്യക്തിക്ക് വെറും 1500 രൂപ ചിലവിൽ ബാർകോഡ് ലഭ്യമാക്കി ഈ മേഖലയിൽ വിപ്ലവം തീർത്തിരിക്കുകയാണ് സ്ഥാപനം. അന്താരാഷ്ട്ര തലത്തിൽ അംഗീകാരമുള്ള GS1 U S ബാർകോഡുകളാണ് ഗ്ലോബൽ 360 സൊല്യൂഷൻസ് ഉപഭോക്താക്കൾക്ക് നൽകുന്നത് ഇത് ലോകത്തിന്റെ എവിടെയും ഉപയോഗിക്കാം, വാങ്ങുന്ന വ്യക്തിയ്ക്ക് പൂർണ്ണമായും സ്വന്തമായ ബാർകോഡ് ആയിരിക്കും ഇത്. അതിന് സർട്ടിഫിക്കറ്റും സ്ഥാപനം നൽകും. നിലവിൽ ഇന്ത്യ ഗൾഫ് രാജ്യങ്ങളിൽ എന്നിവിടങ്ങളിലായി സ്ഥാപനം ആയിരക്കണക്കിന് ബാർകോഡുകൾ വിപണനം ചെയ്തുകൊണ്ടിരിക്കുന്നു. EAN 13/UPC 12 ബാർകോഡുകളാണ് സ്ഥാപനം നൽകുന്നത്. ഇന്ത്യയിലും ഗൾഫ് രാഷ്ട്രങ്ങളിലും EAN 13 ബാർകോഡുകളാണ് ഉപയോഗിക്കുന്നത്.

മിതമായ നിരക്കിൽ റിന്യൂവൽ ഫീ ഇല്ലാതെ ഒറ്റത്തവണ മാത്രം പണം വാങ്ങിയാണ് ഗ്ലോബൽ 360 സൊല്യൂഷൻസ് ബാർകോഡുക്കൾ നൽകുന്നത്. ഇത് എങ്ങനെ സാധ്യമാകുന്നു എന്ന് നമുക്ക് നോക്കാം. 2002 വരെ ബാർകോഡുകൾക്ക് വർഷാവർഷം റിന്യൂവർ ഫീ ഇല്ലായിരുന്നു, എന്നാൽ 2002 മുതൽ ബാർകോഡുകൾക്ക് ഓരോ വർഷവും റിന്യൂവൽ ചാർജ് ഏർപ്പെടുത്തി. ഈ സാഹചര്യത്തിൽ നിലവിലുള്ള ബാർകോഡുകൾക്കും റിന്യൂവൽ ചാർജ് ഏർപ്പെടുത്തി. അതിനെതിരെ ബാർകോഡ് ഉടമകൾ കോടതിയെ സമീപിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 2002 ന് മുൻപ് ബാർകോഡുകൾ സ്വന്തമാക്കിയവർ റിന്യൂവൽ ഫീസ് നൽകേണ്ടതില്ല എന്ന് കോടതിവിധി ഉണ്ടായി. എന്നാൽ ഈ കോടിതിവിധി വരും എന്ന് നേരത്തെ മനസ്സിലാക്കിയ ചില സമർത്ഥൻമാർ അമേരിക്കയിൽ ദശലക്ഷക്കണക്കിന് ബാർകോഡുകൾ സ്വന്തമാക്കിയിരുന്നു. അത്തരത്തിലുള്ള ബാർകോഡുകൾ വാങ്ങി സമൂഹത്തിലുള്ള സാധാരണ കച്ചവടക്കാരെയും ബിസിനസുകാരെയും സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഗ്ലോബൽ 360 സൊല്യൂഷൻ പ്രവർത്തിക്കുന്നത്. ●

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: നൗഫൽ ഷംസുദ്ധീൻ**

**ഫോൺ/വാട്ട്സ് ആപ്പ്– 7994660122, +971 502047204**

സ.ഉ.(സാധാ) നം.789/2023/LSGD
"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഹരിതകർമ്മ സേനയ്ക്ക് യൂസർ ഫീ നൽകാത്തവരിൽ നിന്നും പ്രസ്തുത തുക വസ്തു നികുതി കുടിശ്ശികയായി കണക്കാക്കി ഈടാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.789/2023/LSGD തീയതി,തിരുവനന്തപുരം, 31-03-2023

---

പരാമർശം:- 1. 15/07/2017 ലെ സ.ഉ(സാധാ)നം 2420/2017/തസ്വഭവ
2. 12/08/2020 ലെ സ.ഉ(സാധാ)നം 1496/2020/തസ്വഭവ
3 06/01/2023 ലെ സ.ഉ(സാധാ)നം 41/2023/തസ്വഭവ

**ഉത്തരവ്**

പരാമർശിത ഉത്തരവുകൾ പ്രകാരം ത.സ്വ.ഭ.സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മ സേന മുഖേന പാഴ് വസ്തു ശേഖരണത്തിന് ആവശ്യമായ സജ്ജീകരണങ്ങളൊരുക്കേണ്ടതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത യൂസർഫീ ഈടാക്കാവുന്നതാണെന്നും ഇത് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾക്ക് നിയമസാധുതയുണ്ടായിരിക്കുമെന്നും വ്യക്തമാക്കിയിരുന്നു.

ഹരിതകർമ്മ സേനയ്ക്ക് യൂസർ ഫീ നൽകാത്തവരിൽ നിന്നും, യൂസർ ഫീ നൽകുന്നതിൽ കുടിശ്ശിക വരുത്തിയവരിൽ നിന്നും പ്രസ്തുത തുക വസ്തു നികുതി കുടിശ്ശികയായി കണക്കാക്കി ഈടാക്കേണ്ടതാണ്. ഈ ഉത്തരവിന് 2023 ഏപ്രിൽ 1 മുതൽ പ്രാബല്യമുണ്ടായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ (Urban), LSGD, തിരുവനന്തപുരം
ഡയറക്ടർ (Rural), LSGD, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# എം.എസ്.എം.ഇ. ചാമ്പ്യൻസ് സംരംഭകരുടെ സങ്കട നിവാരണത്തിന് പുതിയ വഴി



ടി.എസ്. ചന്ദ്രൻ

ഗോതമ്പ് തവിടുകൊണ്ട് പ്ലേറ്റ് നിർമ്മിച്ച് ദേശീയ ശ്രദ്ധ നേടിയ വിനയ് ബാലകൃഷ്ണൻ, എന്ന സംരംഭകനുമായി സംസാരിച്ചപ്പോഴാണ് എം.എസ്.എം.ഇ. ചാമ്പ്യൻസ് എന്ന പോർട്ടൽ അദ്ദേഹത്തിന് എങ്ങനെ പ്രയോജനപ്പെട്ടു എന്ന് മനസ്സിലാക്കുന്നത്. തന്റെ സംരംഭത്തിന് വായ്പ നിഷേധിക്കുന്ന സാഹചര്യമുണ്ടായപ്പോൾ ഈ പോർട്ടൽ വഴിയാണ് പരാതി നൽകിയത്. ഉടൻ നടപടിയുണ്ടായി. വായ്പ ലഭ്യമായി. സ്ഥാപനം താഥാർത്ഥ്യമായി. എം.എസ്.എം.എ. ചാമ്പ്യൻസ് എന്ന പോർട്ടൽ സംരംഭകരുടെ സങ്കട നിവാരണത്തിനും മറ്റ് നിരവധി ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താവുന്ന ഒരു സർക്കാർ സംവിധാനമാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസുംമെഷീൻ ലേണിങ്ങും സംയോജിപ്പിച്ച ഒരു സാങ്കേതിക മികവ് പുലർത്തുന്ന ഏറെ ഫലപ്രദമായ ഒരു പോർട്ടലാണിത്. ചാമ്പ്യൻസ് എന്നാൽ Creation and Hormonious application of modern processestor increasing the out put and National strength ചെറിയ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ച് അവയെ വലിയ സംരംഭമാക്കി വളർത്തുക എന്നതാണ് ചാമ്പ്യൻസിന്റെ ലക്ഷ്യമെന്ന് പൊതുവെ പറയാം.




### പ്രധാന ഉദ്ദേശ്യങ്ങൾ

1. ലൈസൻസിംഗ്, അനുമതികൾ, തൊഴിലാളികളുടെ ലഭ്യത (പ്രത്യേകിച്ച് സാങ്കേതിക വിദഗ്ദരെ) ധനസമാഹരണം തുടങ്ങിയ രംഗങ്ങളിൽ സംരംഭകരെ സഹായിക്കുക.
2. ഉല്പാദന–സേവന മേഖലകളിൽ പുത്തൻ അവസരങ്ങൾ കണ്ടെത്തുക. പരിചയപ്പെടുത്തുക.
3. ദേശീയ–അന്തർദേശീയ തലങ്ങളിൽ വൻ വികസന സാധ്യതയുള്ള സംരംഭങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

www.champions.gov.in എന്ന വെബ്സൈറ്റ് മുഖേന ഒരു കേന്ദ്ര കൺട്രോൾ റൂമും, 66 സംസ്ഥാന തല കൺട്രോൾ റൂമുകളും കോർത്തിണക്കിയിരിക്കുന്നു. കേന്ദ്രീകൃതമായ നിയന്ത്രണവും വിവര ശേഖരണ–വിതരണ ശൃംഖലയുമാണ് ചാമ്പ്യൻസിന്റെ പ്രത്യേകത.

### 5 ഇനം സേവനങ്ങൾ

5 തരം സേവനങ്ങളാണ് ഈ സംവിധാനം വഴി പൊതു സംരംഭകർക്ക് ലഭ്യമാക്കുക.

1. **വിവരങ്ങൾ പങ്കു വെയ്ക്കൽ**: സർക്കാർ സഹായ പദ്ധതികൾ, സമാശ്വാസ പദ്ധതികൾ, നയരേഖകൾ, ആനുകൂല്യങ്ങളും, സൗകര്യങ്ങളും എന്നിവ സംബന്ധിച്ച വിവരങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നു.
2. **പരാതികളും നിർദ്ദേശങ്ങളും**: സംരംഭകരുടെ പരാതികൾ, സങ്കടങ്ങൾ എന്നിവ പരിഹരിക്കുന്നതിന് പബ്ലിക്ക് ഗ്രീവെൻസ് റിഡ്രസ്സൽ അന്റ് മോണിറ്ററിംഗ് സിസ്റ്റം, വ്യവസായ മന്ത്രാലയത്തിന് ലഭിക്കുന്ന വിവിധ പരാതികൾ എന്നിവയുമായി തൽസമയം പരിഹാര നടപടികൾക്ക് സജ്ജമായ ഒരു സംവിധാനമായി പ്രവർത്തിക്കുന്നു.
3. **ട്രാക്കിംഗ് സംവിധാനം**: ചാമ്പ്യൻസിൽ ഉന്നയിച്ച പരാതിയുടെ തൽസ്ഥിതി വിലയിരുത്തുന്നതിനുള്ള സംവിധാനം.
4. **നൂതന ആശയങ്ങൾ പങ്ക് വെക്കൽ**: നവീന സംരംഭ ആശയങ്ങൾ പങ്ക് വെക്കാനുള്ള ഒരു ഗാലറിയായി ചാമ്പ്യൻസ് പ്രവർത്തിക്കുന്നു.
5. **നിരീക്ഷണവും നടപടികളും**: കേന്ദ്ര സംവിധാനം ഉൾപ്പടെ 67 കൺട്രോൾ റൂമുകൾ ഓരോ ബാങ്കിന്റെയും നോഡൽ ഓഫീസർമാർ, മന്ത്രാലയ വകുപ്പ് തല അധികാരികൾ, കേന്ദ്ര പൊതു മേഖലയിലെ 52 ഉദ്യോഗസ്ഥർ എന്നിവർ ചാമ്പ്യൻസിൽ ലഭിക്കുന്ന സങ്കടങ്ങളും പരാതികളും കൃത്യമായി നിരീക്ഷിച്ച് അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു.

### ഏകജാലക സംവിധാനം

ഇതൊരു ഏകജാലക സംവിധാമാണ്. ഉദ്യം രജിസ്ട്രേഷൻ, സ്റ്റാർട്ടപ്പ് ആനുകൂല്യങ്ങൾ, എം.എസ്.എം. ഇ. കൾക്കുള്ള വിവിധ വായ്പ പദ്ധതികൾ, സബ്സിഡി ആനുകൂല്യങ്ങൾ, പദ്ധതികൾ, നിയമങ്ങൾ, നടപടികൾ തുടങ്ങിയവ സംബന്ധിച്ചുള്ള വിവരങ്ങൾ അപേക്ഷകൻ അതാത് ലിങ്കുകൾ എല്ലാം ചാമ്പ്യൻസിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എം.എസ്.എം. ഇ. കൾക്ക് ലഭിക്കാനുള്ള തുക പിരിച്ചെടുക്കുന്നതിന് സാധാരണ ഉപയോഗിച്ച് വരുന്ന സമാധാൻ പോർട്ടലിലേക്കുള്ള ലിങ്കും ഈ സംവിധാനത്തിൽ ലഭിക്കുന്നു.

സാധാരണ സംരംഭകരുടെ സങ്കടങ്ങൾക്ക് പരിഹാരം ഉണ്ടാക്കാനും, നവീന ആശയങ്ങൾ സ്വീകരിക്കാനും ഉതകുന്ന സൗജന്യ സേവനമാണ് കേന്ദ്ര എം.എസ്.എം. ഇ. മന്ത്രാലയം ചാമ്പ്യൻസ് വഴി ഉറപ്പ് നൽകുന്നത്. ●

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**

## CHAMPIONS

**Creation and Harmonious Application of Modern Processes for Increasing the Output and National Strength**

സ.ഉ.(സാധാ) നം.937/2023/LSGD
"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കേണ്ടുന്ന വസ്തു നികുതിയുടെ പിഴപലിശ 2023 ജൂൺ 30 വരെ ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.937/2023/LSGD തീയതി,തിരുവനന്തപുരം, 28-04-2023

---

പരാമർശം:-

1. 06.01.2023-ലെ സ. ഉ (സാധാ) നം. 42/2023/തസ്വഭവ ഉത്തരവ്.
2. 22.03.2023-ലെ സ. ഉ (കൈ)നം. 77/2023/തസ്വഭവ ഉത്തരവ്.
3. 28.03.2023-ലെ നം. 15(2)LEG A2/2023/നിയമം വിജ്ഞാപന പ്രകാരം പ്രസിദ്ധപ്പെടുത്തിയ 2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട്.
4. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04.04.2023 ന് കൂടിയ യോഗത്തിന്റെ മിനിറ്റ്സ്.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13.04.2023-ലെ LSGD/PD/20073/2023-REV നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിരുന്നു. വസ്തു നികുതി പരിഷ്കരണത്തിന്റെ മുന്നോടിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അസസ്മെന്റ് രജിസ്റ്ററുകളിലെ അപാകതകൾ പരിഹരിച്ച് പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതായും അവശേഷിക്കുന്ന നികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതായിട്ടുമുണ്ട്. പരാമർശം (4) പ്രകാരം ഊർജ്ജിത കുടിശ്ശിക നികുതി സമാഹരണ യജ്ഞം ഒരു പ്രത്യേക കർമ്മ പരിപാടിയായി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2) പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട വസ്തു നികുതി പിഴപ്പലിശയില്ലാതെ ഒടുക്കുന്നതിനുള്ള കാലാവധി 31.03.2023 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതും പരാമർശം (3) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള കേരള ധനകാര്യ ആക്ടിന്റെ ഭേദഗതിയിൽ തദ്ദേശ സ്ഥാപനങ്ങളിൽ നികുതിയുടെ പിഴപ്പലിശ 1%-ൽ നിന്നും പ്രതിമാസം 2% എന്ന നിരക്കിലേക്ക് 01.04.2023 പ്രാബല്യത്തിൽ വർദ്ധിപ്പിച്ചിട്ടുള്ളതുമാണ്. ഇക്കാരണത്താൽ നികുതി കുടിശ്ശിക ഉള്ളവർക്ക് ഇരട്ടി തുക പിഴയായി ഒടുക്കു വരുത്തേണ്ട സ്ഥിതി ഉണ്ടായിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഊർജ്ജിത കുടിശ്ശിക നികുതി സമാഹരണ യജ്ഞത്തിന്റെ ഭാഗമായി 2023 മെയ് 31 വരെ ഒറ്റത്തവണയായി കുടിശ്ശിക നികുതി അടയ്ക്കുന്നവർക്ക് പിഴപ്പലിശ ഒഴിവാക്കുന്ന പരാമർശം (1)-ലെ ഉത്തരവിന്റെ പ്രാബല്യം ദീർഘിപ്പിക്കണമെന്ന് പരാമർശം (5) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുമുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഊർജ്ജിത നികുതി പിരിവ് യജ്ഞത്തിന്റെ ഭാഗമായി 2023 ജൂൺ 30 വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടവാക്കേണ്ട വസ്തു നികുതിയുടെ പിഴപലിശ ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. വസ്തു നികുതി പിഴപ്പലിശ ഒഴിവാക്കി നൽകൽ ഇനിയുണ്ടാവുകയില്ല എന്ന സന്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ വ്യാപകമായ പ്രചാരണം നടത്തി 2023 ജൂൺ 30-നകം ഊർജ്ജിത നികുതി പിരിവ് യജ്ഞം പൂർത്തീകരിക്കുന്നതിനുള്ള ഫലപ്രദമായ നിർവഹണ സംവിധാനം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ/അർബൻ) വകുപ്പ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
4. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
6. കരുതൽ ഫയൽ 7. ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/308/2022-തസ്വഭവ)

ഉത്തരവിൻ പ്രകാരം സെക്ഷൻ ഓഫീസർ

# മുഖാമുഖം

## കെ.എസ്.എസ്.ഐ.എ. ഓഫീസിൽ വെച്ച് പൊല്യൂഷൻ കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി ഡോ.എ.എം. ഷീലയുമായി മുഖാമുഖം

കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റി .യോഗത്തിൽ വെച്ച് പൊല്യൂഷൻ കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി ഡോ. എ.എ. ഷീലയുമായി മുഖാമുഖം പരിപാടി സംഘടിപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീന്റെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടിയിൽ ജനറൽ സെക്രട്ടറി പി.ജെ.ജോസ് സ്വാഗതം പറഞ്ഞു. പൊല്യൂഷൻ കൺട്രോൾ ബോർഡുമായി വ്യവസായികൾ അനുഭവിക്കുന്ന വിവിധ ബുദ്ധിമുട്ടുകൾ വ്യവസായികൾ അവരുടെ ശ്രദ്ധയിൽപ്പെടുത്തി. വ്യവസായികൾ ഉന്നയിച്ച വിഷയങ്ങൾക്ക് പഠിച്ച് യുക്തമായ പരിഹാര നടപടികൾ സ സ്വീകരിക്കുമെന്ന് അവർ അറിയിച്ചു. യോഗത്തിൽ വെച്ച് സംസ്ഥാന സംഘടനയുടെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ ഡോ. എ.എം. ഷീലയ്ക്ക് നല്കി. പൊല്യൂഷൻ കൺട്രോൾ ബോർഡ് എൻവയോൺമെന്റൽ എഞ്ചിനിയർ ശ്രീമതി. എസ്. പ്രേമലതയും യോഗത്തിൽ പങ്കെടുത്തു. ജോ. സെക്രട്ടറി ബി. ജയകൃഷ്ണൻ (സെൻട്രൽ സോൺ) നന്ദി പറഞ്ഞു. ●



↑കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റിയുടെ ഇന്ററാക്ഷൻ സെക്ഷനിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി ഡോ. എ.എം. ഷീല മറുപടി പ്രസംഗം നടത്തുന്നു.




↑കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റിയുടെ പൊല്യൂഷൻ കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി ഡോ.എ.എം.ഷീലയുമായുള്ള ഇന്ററാക്ഷൻ സെക്ഷ നിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.




↑കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റിയുടെ പൊല്യൂഷൻ കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി ഡോ.എ.എം.ഷീലയുമായുള്ള ഇന്ററാക്ഷൻ സെക്ഷ നിൽ സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ.ജോസ് സ്വാഗത പ്രസംഗം നടത്തുന്നു.

സംഘടനയുടെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ പൊല്യൂഷൻ കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി ഡോ. എ.എം. ഷീലയ്ക്ക് നല്കുന്നു.↓



സ.ഉ.(സാധാ) നം.414/2023/ID
"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്- ജീവനക്കാര്യം - ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ നടത്തിപ്പ് - വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർക്ക് ഗുഡ് സർവ്വീസ് എൻട്രി നൽകി ഉത്തരവാകുന്നു.

---

**വ്യവസായ ( ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.414/2023/ID തീയതി,തിരുവനന്തപുരം, 18-05-2023

---

പരാമർശം :- വ്യവസായ വാണിജ്യ ഡയറക്ടറുടെ 29.03.2023-ലെ DIC/945-2023-FD2 നമ്പർ കത്ത്

**ഉത്തരവ്**

2022-23 സംരംഭക വർഷമായി ആചരിച്ചതിന്റെ ഭാഗമായി നടപ്പാക്കിയ ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ വിജയത്തിന് പിന്നിൽ പ്രവർത്തിച്ച വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ ശ്രീ. രാജീവ് ജി, ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ഷബീർ എം, ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ശ്യാം കൃഷ്ണൻ കെ, അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ജോസ് തോമസ് എന്നീ ഉദ്യോഗസ്ഥർക്ക് സദ്സേവന പുരസ്കാരം നൽകുന്നത് സംബന്ധിച്ച് പരാമർശം 1 പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ എന്ന ഫ്ലാഗ്ഷിപ് പദ്ധതി സർക്കാർ നടപ്പാക്കുകയുണ്ടായി. പ്രസ്തുത ബൃഹത് പദ്ധതിയുടെ ഭാഗമായി വിവിധ സ്കീമുകൾ, നിരീക്ഷണ സംവിധാനങ്ങൾ എന്നിവ രൂപീകരിക്കുകയും നടപ്പിൽ വരുത്തുകയും വഴി 8 മാസംകൊണ്ട് തന്നെ ഒരു ലക്ഷം MSME-കൾ വ്യവസായ വകുപ്പിൽ കീഴിൽ ആരംഭിക്കുക എന്ന ഭൗതിക ലക്ഷ്യം കൈവരിക്കാൻ വ്യവസായ വകുപ്പിനായത് ഗണ്യമായ നേട്ടമായി സർക്കാർ വിലയിരുത്തുന്നു. ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി അതിന്റെ ഭൗതിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ വൻ വിജയം നേടുകയും ആയത് രാജ്യത്തെ Best Practices Model ആയി അംഗീകരിക്കപ്പെടുകയും ചെയ്തു സാഹചര്യത്തിൽ പ്രസ്തുത വിജയത്തിന് പിന്നിൽ പ്രവർത്തിച്ച വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. എസ് ഹരികിഷോർ ഐ.എ.എസ്-നും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരായ ജോയിന്റ് ഡയറക്ടർ ശ്രീ. രാജീവ് ജി, ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ഷബീർ എം, ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ശ്യാം കൃഷ്ണൻ കെ, അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ജോസ് തോമസ് എന്നിവർക്കും അവരുടെ സ്തുത്യർഹമായ സേവനവും ആത്മാർത്ഥതയും അർപ്പണമനോഭാവവും പ്രവർത്തനമികവും പരിഗണിച്ച് കേരള സർവീസ് ചട്ടങ്ങളിലെ ചട്ടം 34(2) പ്രകാരം സദ്സേവന രേഖ **(Good Service Entry)** നൽകി സർക്കാർ ഉത്തരവാകുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവന പുസ്തകം/എൻടൈറ്റിൽമെന്റ് രജിസ്റ്റർ-ൽ ഇത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMAN BILLA
പ്രിൻസിപ്പൽ സെക്രട്ടറി


ശ്രീ. എസ് ഹരികിഷോർ ഐ.എ.എസ്, വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ. രാജീവ് ജി, ജോയിന്റ് ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
ശ്രീ. ഷബീർ എം, ഡെപ്യൂട്ടി ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം
ശ്രീ. ശ്യാം കൃഷ്ണൻ കെ, ഡെപ്യൂട്ടി ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം
ശ്രീ. ജോസ് തോമസ്, അസിസ്റ്റന്റ് ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം
പൊതുഭരണ(എഐഎസ്) വകുപ്പ്, വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം, വ്യവസായ (എ) വകുപ്പ്
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി/

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

# KCBMA ന്റെ ആനുവൽ ജനറൽ ബോഡി യോഗം ബഹു. വ്യവസായ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു




Kerala Corrugated Box Manufactuers Association ന്റെ ആനുവൽ ജനറൽ ബോഡി യോഗം ബഹു. വ്യവസായ കയർ നിയമ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മുഖ്യ പ്രഭാഷണം നടത്തുകയും കാർട്ടൺ മാന്യുഫാക്ചറിങ്ങ് യൂണിറ്റുകളുടെ പ്രധാന പ്രശ്നങ്ങളായ റോ മെറ്റിരിയൽസിന്റെ 12 ശതമാനം ടാക്സ് കൊടുക്കണമെന്നും, എന്നാൽ കാർട്ടൺ വില്ക്കുമ്പോൾ 18 ശതമാനമായി നികുതിയും കൊടുക്കണം, ഇത് 6 ശതമാനത്തോളം കൂടുതലായി വ്യവസായികൾക്ക് ബാദ്ധ്യതയായി വരുന്നു. ഇത് 12 ശതമാനമായി കുറക്കണമെന്നും, തൊഴിലാളികളുടെ ക്ഷാമം ഈ വ്യവസായത്തെ കാര്യമായി ബാധിക്കുന്നുണ്ടെന്നും, സാധനങ്ങൾ സപ്ലൈ ചെയ്ത് കഴിഞ്ഞാൽ അതിന്റെ വില മാസങ്ങൾ കഴിഞ്ഞിട്ടും ലഭിക്കുന്നില്ലയെന്നും ഇത് യൂണിറ്റുകൾ പ്രവർത്തിക്കുന്നതിന് വർക്കിങ്ങ് ക്യാപിറ്റലിനെ ബാധിക്കുന്നുവെന്നും മന്ത്രിയ്ക്ക് മുമ്പിൽ അവതരിപ്പിച്ചു.




↑ KCBMA ന്റെ ആനുവൽ ജനറൽ ബോഡി യോഗത്തിൽ കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ മുഖ്യ പ്രഭാഷണം നടത്തുന്നു.



↑ KCBMA ന്റെ ആനുവൽ ജനറൽ ബോഡി യോഗത്തിൽ വെച്ച് കെ.എസ്.എസ്.ഐ.എ. യുടെ അഫിലിയേറ്റഡ് മെമ്പർഷിപ്പിന്റെ ചെക്ക് സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീന് കൈമാറുന്നു.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ്-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഈടാക്കുന്ന കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്/അപേക്ഷാ ഫീസ്/ സൂട്ടനി ഫീസ് ക്രമവത്ക്കരണ ഫീസ് എന്നിവയുടെ നിരക്ക് പരിഷ്ക്കരിച്ച് പുറപ്പെടുവിച്ച ഉത്തരവിൽ 10.04.2023 തീയതിയ്ക്ക് മുമ്പ് ലഭിച്ച അപേക്ഷകളിൽ പഴയ നിരക്കാണ് ബാധകമാക്കുകയെന്നതിൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർ എ) വകുപ്പ്

GO.(Ms) No.107/2023/LSGD തീയതി,തിരുവനന്തപുരം, 06-05-2023

---

പരാമർശം:- 31.03.2023 ലെ സ.ഉ(കൈ) നം.85/2023/തസ്വഭവ നമ്പർ ഉത്തരവ്

<u>ഉത്തരവ്</u>

സംസ്ഥാനത്ത് കെട്ടിട നിർമ്മാണ പെർമിറ്റുകൾക്ക് തദ്ദേശ സ്ഥാപനങ്ങൾ മുഖേന ഈടാക്കുന്ന പെർമിറ്റ് ഫീസ് 10.04.2023 മുതൽ പ്രാബല്യം വരും വിധത്തിൽ പരാമർശ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ 10.04.2023 തീയതിയ്ക്ക് മുമ്പ് ലഭിച്ച അപേക്ഷകളിൽ ബിൽഡിംഗ് പെർമിറ്റ് ഫീസ്/അപേക്ഷാ ഫീസ്,/ സൂട്ടനി ഫീസ് /ക്രമവത്ക്കരണ ഫീസ് എന്നിവയിൽ പുതുക്കിയ നിരക്കാണോ, പഴയ നിരക്കാണോ ബാധകമാകുകയെന്ന കാര്യത്തിൽ അവ്യക്തത നിലനിൽക്കുന്നതായും ആയതിനാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തണമെന്നും ആവശ്യപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങൾ മുഖേന ഈടാക്കുന്ന ബിൽഡിംഗ് പെർമിറ്റ് ഫീസ്/അപേക്ഷാ ഫീസ് /സൂട്ടനി ഫീസ്/ ക്രമവത്ക്കരണ ഫീസ് എന്നിവ സംബന്ധിച്ച്, 10.04.2023 തീയതിയ്ക്ക് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിച്ച അപേക്ഷകളിൽ, മേൽപ്പറഞ്ഞ എത് ആവശ്യത്തിനാണോ അപേക്ഷ സമർപ്പിച്ചത്, ആയതിന്റെ പഴയ നിരക്കാണ് ബാധകമാകുകയെന്നും പ്രസ്തുത തീയതി മുതൽ ലഭിക്കുന്ന അപേക്ഷകൾക്ക് പരിഷ്ക്കരിച്ച നിരക്ക് ബാധകമാണെന്നും വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) 09.04.2023 വരെ ഓൺലൈനായോ ഓഫ് ലൈനായോ സമർപ്പിച്ച എല്ലാ അപേക്ഷകൾക്കും പഴയ നിരക്ക് ബാധകമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LIZYMOL E
DEPUTY SECRETARY

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
2) ഡയറക്ടർ, തദ്ദേശ സ്വയം ഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം.
3) ഡയറക്ടർ, തദ്ദേശ സ്വയം ഭരണ ( അർബൻ) വകുപ്പ്, തിരുവനന്തപുരം.
4) മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.
2) ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) , തിരുവനന്തപുരം.
6) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന)
6) എല്ലാ ജില്ലാ (റൂറൽ / അർബൻ) ജോയിന്റ് ഡയറക്ടർമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന)
7) എല്ലാ ജില്ലാ ടൗൺ പ്ലാനർക്കും ( ചീഫ് ടൗൺ പ്ലാനർ മുഖേന)
8) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം.
9) ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ് /വെബ് & ന്യൂ മീഡിയ (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി) 10) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്I/ഓഡിറ്റ് 11), കേരള , തിരുവനന്തപുരം.
11) ധനകാര്യ വകുപ്പ് / നിയമ വകുപ്പ്/ തദ്ദേശ സ്വയം ഭരണ വകുപ്പ് 14) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്:- ബഹു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്
തദ്ദേശ സ്വയം ഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എയ്ക്ക്
തദ്ദേശ സ്വയം ഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

# വാർത്തകൾ

## മരണാനന്തര സഹായം നൽകി




↑മലപ്പുറം ജില്ലയിലെ കെ.എസ്.എസ്.എഫ് അംഗമായ സുബ്രമണ്യൻ എ. പി. യുടെ നിര്യാണത്തെ തുടർന്ന് മരണാനന്തര സഹായമായ 10 ലക്ഷം രൂപയുടെ ചെക്ക് കെ.എസ്.എസ്.എഫ്. വൈസ് ചെയർമാൻ മോർളി ജോസഫ് അന്തരിച്ച സുബ്രമണ്യന്റെ കുടുബാംഗത്തിന് കൈമാറുന്നു. കെ.എസ്.എസ്.ഐ.എ. സംസ്ഥാന വൈസ് പ്രസിഡന്റ് എ.വി. സുനിൽനാഥ്, കെ.എസ്.എസ്.എഫ്. മലപ്പുറം ജില്ലാ ട്രസ്റ്റി പി. ദേവദാസ്, കെ.എസ്.എസ്.ഐ.എ. ജില്ലാ ഭാരവാഹികൾ എന്നിവർ സമീപം.

## KSSIA AFFILIATED MEMBERS LIST

| | |
|---|---|
| 1. Kerala Plastic Manufacturers Association<br>2nd Floor, Veekay Tower,<br>Beerankunju Road, Ernakulam North,<br>Kochi – 682018, Ph: 0484 – 2354115.<br>Email: kpmacochin@gmail.com<br>Website: kpma.in | 2. Kerala Pharmaceutical Manufacturers Association<br>C/o Chethana Pharmaceuticals,<br>Chethana Road, Perinthalmanna,<br>Malappuram – 679322.<br>Mob: 98470 28770<br>Email: kpp@chethanapharma.co.in |
| 3. Sign Printing Industries Association<br>No. 41/2795, C-2, First Floor,<br>North Avenue Building, Pharma Road,<br>Kochi – 682 019, Ernakulam Dist.<br>Email: spia.kerala@gmail.com | 4. Malayale Non Woven Bag Manufacturers Association<br>Door. No. 15/634 D, Edathala P.O.,<br>Kuzhivelippady, Aluva,<br>Ernakulam – 683561.<br>Ph: 97470 47403 |
| 5. Kerala Corrugated Box Manufacturer's Association<br>Door. No. 40- 6185, C 7, 1st Floor,<br>Swapnil Enclave,<br>High Court Junction, Marine Drive,<br>Ernakulam - 682031.<br>Ph: 08921081726 | 6. Plastic Recycling Industrial Association (P R I A)<br>Room No: 36, K.M.J.,<br>Shopping Complex,<br>VIII KMJ/36 Perumbavoor,<br>Ernakulam - 683 556.<br>Email: priakeralam@gmail.com |

കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷനിൽ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ടുള്ള എല്ലാ മാന്യുഫാക്ചറിങ് സെക്റ്റർ സംഘടനകൾക്കും അഫിലിയേറ്റഡ് മെമ്പർഷിപ്പ് എടുക്കാവുന്നതാണ്. ഇങ്ങനെ അഫിലിയേറ്റഡ് മെമ്പർഷിപ്പ് എടുക്കുന്ന എല്ലാ സെക്റ്റർ സംഘടനയുടെ സംസ്ഥാന പ്രസിഡന്റിനും, സെക്രട്ടറിയ്ക്കും കെ.എസ്.എസ്.ഐ.എ. യുടെ സംസ്ഥാന കമ്മിറ്റികളിൽ പ്രാതിനിധ്യം ലഭിക്കുന്നതാണ്. സെക്റ്റർ സംഘടനകളുടെ പ്രശ്നങ്ങൾ മന്ത്രിമാരുടെ മുന്നിൽ അവതരിപ്പിക്കുന്നതിന് കെ.എസ്.എസ്.ഐ.എ. ഭാരവാഹികളോടൊപ്പം പങ്കെടുക്കാനുള്ള അവസരവും ലഭിക്കുന്നതാണ്. മറ്റ് സെക്റ്റർ സംഘടനകൾക്കുള്ള അംഗത്വ ഫീസ് വർഷത്തിൽ 10,000 രൂപ മാത്രമാണ്. ബൈലോയും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുമുള്ള വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ സെക്റ്റർ സംഘടനകൾക്കും കെ.എസ്.എസ്.ഐ.എ. യിൽ മെമ്പർഷിപ്പ് നല്കുന്നതാണ്.

# വാർത്തകൾ

## എം.എസ്.എം.ഇ. കളുടെ ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാമിന് സംസ്ഥാന സർക്കാരിന്റെ സഹായം

സംസ്ഥാനത്തിലെ എം.എസ്.എം. ഇ. ക്ലസ്റ്റർ രൂപികരണത്തിന് കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹന പദ്ധതികൾ നിലവിൽ വന്നു. പദ്ധതി ചെലവിന്റെ 20 ശതമാനം മാത്രം ക്ലസ്റ്ററിലെ അംഗങ്ങൾ വഹിച്ചാൽ മതിയാകും. ബാക്കി 80 ശതമാനവും കേരള സർക്കാരാണ് വഹിക്കുന്നത്. കോമൺ ഫെസിലിറ്റി സെന്ററിന്റെ പദ്ധതി ചെലവ് 5 കോടിയായി നിജപ്പെടുത്തിയിട്ടുണ്ട്. ഭൂമി, കെട്ടിടം, പ്രാഥമിക ചെലവുകൾ, മെഷിനറികൾ, ഉപകരണങ്ങൾ, ജലവിതരണം, വൈദ്യുതി മറ്റുള്ള ഉപകരണങ്ങൾ, വർക്കിങ്ങ് ക്യാപിറ്റൽ, മാർജിൻ മണി എന്നിവ ഇതിൽ ഉൾപ്പെടും. വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് 50,000 രൂപവരെ സഹായവും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് അതാത് ജില്ലാ വ്യവസായ കേന്ദ്രങ്ങളു മായി ബന്ധപ്പെടണം.

## വ്യവസായ സംരംഭകരുടെ പരാതികൾക്കും സംശയ നിവാരണത്തിനും മന്ത്രിയുമായി ബന്ധപ്പെടാം




വ്യവസായ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും പരാതികളും അറിയിക്കാനുള്ള ചാറ്റ് വിത്ത് മിനിസ്റ്റർ എന്ന സംവിധാനം നിലവിൽ വന്നു. സംരംഭകർക്ക് അവരുടെ പരാതികളും അന്വേഷണങ്ങളും 9846441445 എന്ന വാട്ട്സാപ്പ് നമ്പറിലേക്ക് സന്ദേശമായിട്ട് അയക്കാവുന്നതാണ്. ജില്ലാതല റിസോഴ്സ്പേഴ്സൺമാരുടെയും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെയും അടങ്ങുന്ന സംഘം 7 ദിവസത്തിനുള്ളിൽ ഇത് പരിഹരിക്കുകയും ഉചിതമായ മറുപടിയും നല്കുന്നതാണ്.

## എം.എസ്.എം.ഇ. കളുടെ നിലവാരം ഉയർത്തുന്നതിന് സർക്കാർ സഹായ പദ്ധതി

പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന എം.എസ്.എം. ഇ. കൾക്ക് സഹായം നല്കുന്നതിനും നിലവിലുള്ള സംരംഭങ്ങളിൽ സൂക്ഷ്മ സംരംഭകങ്ങളെ ചെറുകിട സംരംഭകങ്ങളായും ചെറുകിട സംരംഭകങ്ങളെ ഇടത്തരം സംരംഭകങ്ങളായും ഉയർത്തി കൊണ്ട് വരുന്നതിന് സഹായിക്കുന്ന പദ്ധതിയാണിത്. ഉല്പാദന സേവന മേഖലകൾക്ക് ഇതിന്റെ ഗുണം ലഭിക്കും. സംരംഭകങ്ങൾ വിപൂലികരിക്കുന്നതിന് വേണ്ടി വരുന്ന സ്ഥിര മൂലധനത്തിന്റെ 30 ശതമാനം സഹായം ലഭിക്കും. പരമാവധി 1 കോടി രൂപ ഈ മൂലധന നിക്ഷേപ സബ്സിഡിയ്ക്ക് ബാങ്ക് വായ്പ ആവശ്യമില്ലെന്നുള്ളത് ഒരു പ്രത്യേകതയാണ്. ബാങ്കുകളിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ പ്രവർത്ത മൂലധന വായ്പ എടുക്കുന്ന സംരംഭങ്ങൾക്ക് ആദ്യ 3 വർഷത്തേക്ക് 8 ശതമാനം വരെ പലിശ ഇളവ് ഉണ്ടാകും. എന്നാൽ ഈ കാലയളവിൽ പലിശ അടവ് വീഴ്ച കൂടാതെ കൃത്യമായി അടക്കണം. ഈ ഇനത്തിലുള്ള പലിശ പരമാവധി 30 ലക്ഷം രൂപ വരെ തിരിച്ചു ലഭിക്കും. വ്യവസായ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും വകുപ്പിൽ നിന്നോ സഹായം ലഭിച്ചിട്ടുള്ളവർക്ക് ലഭിച്ച സഹായം കുറവ് ചെയ്തിട്ടായിരിക്കും ഈ സഹായം ലഭിക്കുക. 2021 ജനുവരി ഒന്നിന് ശേഷം വിപൂലികരണം/ നിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങൾ ആരംഭിക്കുന്ന സംരംഭങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് അതാത് ജില്ലാ വ്യവസായ കേന്ദ്രങ്ങളെയോ, വ്യവസായ ഡയറക്ടറേറ്റിലോ സമീപിക്കാവുന്നതാണ്.

## എന്റെ കേരളം മെഗാ എക്സിബിഷൻ 2023 – കണ്ണൂർ ജില്ല






← എന്റെ കേരളം 2023 കണ്ണൂർ ജില്ല വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കണ്ണൂർ പോലീസ് ഗ്രൗണ്ടിൽ വെച്ച് നടന്ന എക്സിബിഷനിൽ കണ്ണൂർ ജില്ല അസോസിയേഷന്റെ സ്റ്റാളിന്റെ ഉദ്ഘാടനം മുൻ കണ്ണൂർ ജില്ല പ്രസിഡന്റ് തോമസ് മാത്യൂ നിർവ്വഹിക്കുന്നു.

**വ്യവസായികളുടെയും സംരംഭകരുടെയും സംശയങ്ങൾക്ക് മറുപടി നല്കുന്നു.**
**വിവരങ്ങൾ അറിയാൻ കെ.എസ്.എസ്.ഐ.എ. ന്യൂസിലേക്ക് എഴുതുക.**

ഇപ്പോൾ മിതമായ
നിരക്കിൽ ഒറ്റത്തവണ
മാത്രം പണം നൽകി
ഇന്റർനാഷണൽ GS1 US
ബാർകോഡ് സ്വന്തമാക്കാം

സൂപ്പർമാർക്കറ്റുകളും ഹൈപ്പർമാർക്കറ്റുകളും ഓൺലൈൻ സ്റ്റോറുകളും (ആമസോൺ, ഫ്ളിപ്പ്കാർട്, etc) ധാരാളമായി വരുന്ന ഈകാലഘട്ടത്തിൽ പ്രോഡക്റ്റ് ലിസ്റ്റ് ചെയ്യുന്നതിന് ഇന്റർനാഷണൽ ബാർകോഡ് കൂടിയേതീരു.

മിതമായനിരക്കിൽ ഒറ്റത്തവണ മാത്രം പണം നൽകി നിങ്ങളുടെ ആവശ്യം അനുസരിച്ച്

**1, 5, 10, 25, 50, 100** etc

ബാർക്കോഡ് വാങ്ങുന്നതിന്

**www.renewalfreebarcodes.com**

സന്ദർശിക്കുകയൊ

**+91 799 466 0122 (India)**

**+971 502047204 (Dubai)**

എന്ന **WhatsApp** നമ്പറിൽ മെസ്സേജ് അയക്കുകയൊ ചെയ്യുക.

READY WITH YOUR PRODUCTS?

# BUY BARCODES

0 917994 660122

- **GS1 Originated Barcodes with low price.**
- **Buy Barcodes in increments of 1, 5, 10, 25, 50, 100 etc.**
- **No Annual or Renewal fee of any kind.**
- **Never used and guaranteed to be unique barcodes.**
- **Recieve your barcodes in a exel sheet with EAN and UPC numbers and Barcode images.**
- **Get your Certificate of Authenticity.**

**+91 799 466 0122**
**+971 50 204 7 204**

**Global 360 Solutions LLC**
P.O.Box 332 | Oldsmar | FL 34677-0332 (USA)
www.renewalfreebarcodes.com
email: info@renewalfreebarcodes.com

KSSIA NEWS
Journal of The Kerala State Small Industries Association
Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajasree Industrial Printers, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.